14
2024
ഡിസംബർ
ശനി
വൃശ്ചികം 29

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.30 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-30 പേജ് 4. വില 2.00 രൂപ



02 ചൈനീസ് താരം ഗുകേഷിനെതിരെ മനഃപൂർവം തോറ്റുകൊടുത്തു: ആരോപണം

03 കേരളത്തിലുള്ളത് ജനങ്ങളുടെ പക്ഷത്ത് നിൽക്കുന്ന സർക്കാർ : മന്ത്രി

04 ഐ എഫ് എഫ് കെ: ആദ്യ ദിനം 11 ചിത്രങ്ങൾ പ്രദർശിപ്പിച്ചു




# 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരിതെളിഞ്ഞു

തിരുവനന്തപുരം : ചലച്ചിത്ര മാമാങ്കത്തിന് തുടക്കം കുറിച്ച് 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരിതെളിഞ്ഞു. വൈകിട്ട് ആറിന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

29 iffk

രാഷ്ട്രീയ ഉള്ളടക്കത്തിലും ഉൾകാമ്പിന്റെ കാര്യത്തിലും മേള ബഹുദൂരം മുന്നോട്ട് പോയിരിക്കുന്നുവെന്നും, രാഷ്ട്രീയ ഉള്ളടക്കമുള്ള മേളയായി ഐ എഫ്എഫ്കെ അറിയപ്പെടുന്നത് അഭിമാനകരമായ കാര്യാമാണെന്നും ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു

നടി ശബാന ആസ്മിയാണ് ചടങ്ങിലെ മുഖ്യ അതിഥി. 15 തിയേറ്ററുകളിലായി നടക്കുന്ന മേളയിൽ 68 രാജ്യങ്ങളിൽ നിന്നുള്ള 177 സിനിമകൾ പ്രദർശിപ്പിക്കും.

അന്താരാഷ്ട്ര മത്സരവിഭാഗത്തിൽ 14 സിനിമകളും, മലയാള സിനിമ ടുഡേ വിഭാഗത്തിൽ 12 ചിത്രങ്ങളും ഇന്ത്യൻ സിനിമ നൗ വിഭാഗത്തിൽ ഏഴ് ചിത്രങ്ങളും പ്രദർശിപ്പിക്കും.

ലോക സിനിമാ വിഭാഗത്തിൽ 63 സിനിമകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര മേളകളിൽ പ്രേക്ഷകപ്രീതി നേടിയ 13 ചിത്രങ്ങളടങ്ങിയ ഫെസ്റ്റിവൽ ഫേവറിറ്റ്സ് മേളയുടെ മറ്റൊരു ആകർഷണമാണ്. അർമേനിയൻ സിനിമാ ശതാബ്ദിയുടെ ഭാഗമായി ഏഴ് ചിത്രങ്ങൾ കൺട്രി ഫോക്കസ് വിഭാഗത്തിൽ പ്രദർശിപ്പിക്കും.

## സെലിബ്രിറ്റി ക്രിക്കറ്റ് കാർണിവൽ: സമാപന സമ്മേളനം പൂജപ്പുര മൈതാനിയിൽ, മിന്നുംതാരങ്ങൾ പങ്കെടുക്കും

തിരുവനന്തപുരം: ടെലിവിഷൻ രംഗത്തെ സാങ്കേതിക പ്രവർത്തകരെയും താരങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഫെഫ്ക എംഡിടിവി സംഘടിപ്പിക്കുന്ന പ്രഥമ സെലിബ്രിറ്റി ക്രിക്കറ്റ് കാർണിവൽ (ഇ3)സീസൺ 1ന്റെ സമാപന സമ്മേളനവും സമ്മാനദാനവും ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് തിരുവനന്തപുരം പൂജപ്പുര സരസ്വതി മണ്ഡപം ഓഡിറ്റോറിയത്തിൽ നടക്കും.

നാല് പൂളുകളിൽ ആയി താരങ്ങളുടെയും സാങ്കേതിക പ്രവർത്തകരുടെയും 14 ടീമുകളുടെ മത്സരമാണ് കഴിഞ്ഞ മൂന്ന് ദിവസങ്ങളിലായി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്നു വരുന്നത്.

ഫെഫ്ക ജനറൽ സെക്രട്ടറി ബി. ഉണ്ണികൃഷ്ണൻ, പ്രശസ്ത ചലച്ചിത്രതാരം വിഷ്ണു ഉണ്ണികൃഷ്ണൻ, സംവിധായകൻ സോഹൻ സീനു ലാൽ, ആത്മ ജന സെക്രട്ടറി ദിനേശ് പണിക്കർ തുടങ്ങിയ പ്രമുഖർ പങ്കെടുക്കുന്ന ചടങ്ങിൽ വച്ചാണ് വിജയികൾക്കുള്ള സമ്മാനദാനം നടത്തുക.

സാങ്കേതിക പ്രവർത്തകരുടെയും താരങ്ങളുടെയും ശാരീരിക മാനസിക ഉല്ലാസത്തിന് ഉപരി, ഫെഫ്ക നടത്തി വരുന്ന ജീവകാരുണ്യ പ്രവർത്തിയായ ആരോഗ്യ സുരക്ഷ പദ്ധതിയിലേക്ക് ഒരു മുതൽക്കൂട്ട് എന്ന ലക്ഷ്യം കൂടിയുണ്ട് സെലിബ്രിറ്റി ക്രിക്കറ്റ് കാർണിവെല്ലിന്. ടൂർണമെന്റിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ വലിയൊരു വിഹിതം ആരോഗ്യസുരക്ഷാ പദ്ധതിക്ക് വേണ്ടിയാണ് മാറ്റി വയ്ക്കുക


## തിരുവനന്തപുരത്ത് സ്കൂൾ ബസ് നിയന്ത്രണംവിട്ട് മരത്തിലിടിച്ചു; 10 വിദ്യാർഥികൾക്ക് പരിക്ക്

തിരുവനന്തപുരം: ആര്യനാട് സ്കൂൾ ബസ് മരത്തിലിടിച്ച് 10 കുട്ടികൾക്ക് പരിക്ക്. അമൃത കൈരളി ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ബസാണ് അപകടത്തിൽപ്പെട്ടത്. 12-ഓളം വിദ്യാർഥികൾ ബസിൽ ഉണ്ടായിരുന്നു. പരിക്കേറ്റ കുട്ടികളെ ആര്യനാട് ആരോഗ്യകേന്ദ്രത്തിൽ പ്രവേശിപ്പിച്ചു. പരിക്കുകൾ ?ഗുരുതരമല്ലെന്നാണ് അറിയുന്നത്.

ആര്യനാട് പോലീസ് സ്റ്റേഷൻ പരിധിയിൽ, ആര്യനാട്-കടുവാകുഴി എന്ന സ്ഥലത്ത് വെച്ചാണ് അപകടം. വലതുവശത്തേയ്ക്ക് തിരിയാനുള്ള ശ്രമത്തിനിടെ വാഹനത്തിന്റെ നിയന്ത്രണം നഷ്ടമാവുകയായിരുന്നു എന്നാണ് വിവരം. വിദ്യാർത്ഥികളെ സ്കൂളിൽനിന്നും വീട്ടിലേക്ക് കൊണ്ടുപോകുകയായിരുന്നു.

# നടൻ അല്ലുഅർജുനെ അറസ്റ്റ് ചെയ്തു; ഇടക്കാലജാമ്യം അനുവദിച്ചു

ഹൈദരാബാദ്: പുഷ്പ 2 സിനിമ പ്രദർശനത്തിനിടെ തിയേറ്ററിലുണ്ടായ തിക്കിലും തിരക്കിലും യുവതി മരിച്ച കേസിൽ അറസ്റ്റിലായ നടൻ അല്ലു അർജുന് തെലങ്കാന ഹൈക്കോടതി ഇടക്കാലജാമ്യം അനുവദിച്ചു. കേസിൽ നമ്പള്ളി മജിസ്ട്രേറ്റ് കോടതി നടനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്ത് ഉത്തരവിട്ട് മണിക്കൂറുകൾക്കുള്ളിലാണ് തെലങ്കാന ഹൈക്കോടതി ഇടക്കാലജാമ്യം അനുവദിച്ചത്. നടനാണെങ്കിലും ഒരു പൗരനെന്നനിലയിൽ ജീവിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും അല്ലു അർജുനുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് ഹൈക്കോടതി ജാമ്യം നൽകിയത്.



വെള്ളിയാഴ്ച ഉച്ചയോടെയാണ് അല്ലു അർജുനെ ജൂബിലി ഹിൽസിലെ വീട്ടിലെത്തി പോലീസ് അറസ്റ്റ് ചെയ്തത്. ശേഷം ചിക്കടപള്ളി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. അല്ലു അർജുന്റെ സഹോദരൻ അല്ലു സിരിഷും അച്ഛൻ അല്ലു അരവിന്ദും സ്റ്റേഷനിലെത്തിയിരുന്നു. നിർമാതാവ് ദിൽ രാജുവും സ്റ്റേഷനിലെത്തി. പോലീസ് സ്റ്റേഷനിൽവെച്ച് നടന്റെ വിശദമായ മൊഴി രേഖപ്പെടുത്തി. ഇതിനുശേഷം ഗാന്ധി ആശുപത്രിയിൽ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കി. തുടർന്നാണ് നമ്പള്ളി മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയത്. കോടതി നടനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്ത് ഉത്തരവിട്ടു. എന്നാൽ, കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയും ജാമ്യഹർജിയും ഹൈക്കോടതി ഉടൻ പരിഗണിക്കാനിരിക്കുന്നതിനാൽ നടനെ ജയിലിലേക്ക് മാറ്റിയിരുന്നില്ല. ഇതിനുപിന്നാലെയാണ് നടന് ആശ്വാസമായി ഹൈക്കോടതി ഇടക്കാല ജാമ്യം അനുവദിച്ചത്.

തിയേറ്ററിലെ തിക്കിലും തിരക്കിലും യുവതി മരിച്ച സംഭവത്തിൽ പോലീസ് അല്ലു അർജുനെതിരേ ദിവസങ്ങൾക്ക് മുമ്പാണ് പോലീസ് കേസെടുത്തത്. സംഭവം നടന്ന സന്ധ്യ തിയേറ്ററിലെ ജീവനക്കാരും കേസിലെ പ്രതികളാണ്. ഇതിൽ രണ്ട് ജീവനക്കാരെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തു. ഇതിനുപിന്നാലെയാണ് അല്ലു അർജുനെവെള്ളിയാഴ്ച ഉച്ചയോടെ അദ്ദേഹത്തിന്റെ വസതിയിലെത്തി തെലങ്കാന പോലീസ് സംഘം നടനെ അറസ്റ്റ് ചെയ്തത്. അറസ്റ്റ് നടപടികൾക്കിടെ ഏറെ വൈകാരികമായരംഗങ്ങളും അരങ്ങേറി. ഇതിന്റെ വീഡിയോ ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്.

അറസ്റ്റിനായി പോലീസ് സംഘം വീട്ടിലെത്തിയസമയത്ത് അല്ലു അർജുൻ കാപ്പി കുടിച്ചുകൊണ്ടിരിക്കുന്നതാണ് പുറത്തുവന്ന ദൃശ്യങ്ങളിലുള്ളത്. ഭാര്യ അല്ലു സ്നേഹ റെഡ്ഡി, സഹോദരൻ അല്ലു സിരിഷ്, അച്ഛൻ അല്ലു അരവിന്ദ് എന്നിവരും സംഭവസമയം നടന്റെ കൂടെ വീട്ടിലുണ്ടായിരുന്നു. അല്ലു അർജുൻ കാപ്പി കുടിച്ചുതീരുന്നത് വരെ പോലീസ് സംഘം കാത്തിരുന്നു. ഇതിനുശേഷമാണ് നടനുമായി പോലീസ് സംഘം സ്റ്റേഷനിലേക്ക് പോയത്.

പോലീസ് സംഘത്തിനൊപ്പം പോകുന്നതിന് മുൻപ് ഭാര്യ സ്നേഹ റെഡ്ഡിക്ക് അല്ലു അർജുൻ ചുംബനം നൽകുന്നതും പുറത്തുവന്ന ദൃശ്യങ്ങളിലുണ്ട്. കുടുംബാംഗങ്ങളോട് വിഷമിക്കേണ്ടകാര്യമില്ലെന്നും നടൻ പറഞ്ഞു. കാപ്പി കുടിച്ചതിന് പിന്നാലെ ഇനി പോകാം സർ എന്നുപറഞ്ഞാണ് അല്ലു അർജുൻ പോലീസ് ഉദ്യോഗസ്ഥരോടൊപ്പം നടന്നുനീങ്ങിയത്.

ഡിസംബർ നാലാം തീയതി പുഷ്പ 2 സിനിമയുടെ പ്രദർശനത്തിനിടെ ഹൈദരാബാദിലെ സന്ധ്യ തിയേറ്ററിലുണ്ടായ തിക്കിലും തിരക്കിലുമാണ് രേവതി എന്ന യുവതി മരിച്ചത്. അപകടത്തിൽ രേവതിയുടെ മകന് പരിക്കേൽക്കുകയും ചെയ്തിരുന്നു.



## പ്രേക്ഷകരുടെ ആസ്വാദനമികവ് ഐ.എഫ്.എഫ്.കെയുടെ വേറിട്ട പ്രത്യേകത: ഷബാന ആസ്മി

പ്രേക്ഷകരുടെ സഹൃദയത്വവും ആസ്വാദനമികവുമാണ് ഐഎഫ്എഫ്കെയെ മികവുറ്റതാക്കുന്നതെന്ന് ഷബാന ആസ്മി. നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടനചടങ്ങിൽ ഐ എഫ് എഫ് കെയുടെ ആദരം മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് ഏറ്റുവാങ്ങിയ ശേഷം സംസാരിക്കുകയായിരുന്നു അവർ.

50 വർഷം സിനിമാ അഭിനയത്തിൽ തുടരാൻ കഴിഞ്ഞതിന്റെ ചാരിതാർഥ്യം പ്രകടിപ്പിച്ച ഷബാന ആസ്മി ഒപ്പം വിവിധ സിനിമകളുടെ

പിന്നണിയിൽ പ്രവർത്തിച്ച എല്ലാ സാങ്കേതിക പ്രവർത്തകർക്കും നന്ദിയർപ്പിച്ചു. കലാ ആസ്വാദനത്തിൽ മികച്ച പാരമ്പര്യമാണ് കേരളത്തിന്റേത്. കേരളത്തിലെ പ്രേക്ഷകരുടെ സ്നേഹം ഏറ്റുവാങ്ങുന്നത് എപ്പോഴും സന്തോഷമുള്ള കാര്യമാണെന്നും ഷബാന ആസ്മി പറഞ്ഞു. 1994ൽ കോഴിക്കോട് സംഘടിപ്പിച്ച ആദ്യ ഐഎഫ്എഫ്കെയിൽ പങ്കെടുത്തതിന്റെ ഓർമകൾ ഷബാന ആസ്മി പങ്കുവച്ചു. തന്റെ സിനിമകൾ ഉൾപ്പെടുത്തിയുള്ള റെട്രോസ്പെക്ടീവ് സെഗ്മെന്റിനായി കാത്തിരിക്കുകയാണെന്നും ഷബാന ആസ്മി പറഞ്ഞു. നാളെ രാവിലെ 9.15ന് ശ്രീ തീയേറ്ററിലാണ് ഈ സെഗ്മെന്റിലെ ആദ്യ ചിത്രമായ അങ്കുർ പ്രദർശിപ്പിക്കുന്നത്.

# ചൈനീസ് താരം ഗുകേഷിനെതിരെ മനഃപൂർവം തോറ്റുകൊടുത്തു': ഗുരുതര ആരോപണം, ഫിഡെ അന്വേഷിക്കണമെന്ന് ആവശ്യം

മോസ്കോ : ലോക ചെസ് ചാംപ്യൻഷിപ്പിൽ ഇന്ത്യയുടെ പതിനെട്ടുകാരൻ താരം ദൊമ്മരാജു ഗുകേഷ് ചരിത്രമെഴുതി ജേതാവായതിനു പിന്നാലെ, നിലവിലെ ചാംപ്യൻ കൂടിയായ ചൈനീസ് താരം ഡിങ് ലിറൻ മനഃപൂർവം തോറ്റുകൊടുത്തതാണെന്ന് ആരോപണം. റഷ്യൻ ചെസ് ഫെഡറേഷൻ തലവൻ ആന്ദ്രേ ഫിലാത്തോവാണ് ഇത്തരമൊരു ആരോപണം ഉന്നയിച്ച് രംഗത്തെത്തിയത്. സിംഗപ്പൂരിലെ സെന്റോസ റിസോർട്സ് വേൾഡിൽ നടന്ന 2024 ലോക ചാംപ്യൻഷിപ്പിൽ നിലവിലെ ചാംപ്യനെ അവസാന ഗെയിമിൽ കീഴടക്കിയാണ് 18ാം ലോകചാംപ്യനായി ഗുകേഷ് കിരീടം നേടിയത്.

ടൈബ്രേക്കറിലേക്ക് 'കരുനീക്കിയ' ഡിങ്ങിന് 55ാം നീക്കത്തിൽ പിഴച്ചു, 58ാം നീക്കത്തിൽ ഗുകേഷ് 'കിങ്'; 14–ാം ഗെയിമിൽ സംഭവിച്ചത്...!

58 നീക്കങ്ങളിലാണ് ഗുകേഷ്, ഡിങ് ലിറനെ തോൽപിച്ചത്. 14 ഗെയിമുകളുള്ള ചാംപ്യൻഷിപ്പിൽ 13 കളികൾ തീർന്നപ്പോൾ സ്കോർനില തുല്യമായിരുന്നു (6.56.5). അവസാന ഗെയിമിലെ ജയത്തോടെ സ്കോർ 7.5 6.5 എന്ന നിലയിലായി. 14ാം ഗെയിമിലെ 55ാം നീക്കത്തിൽ ഡിങ് ലിറൻ വരുത്തിയ അപ്രതീക്ഷിത പിഴവാണ് ഗുകേഷിന്റെ വിജയത്തിലേക്കു നയിച്ചത്.

അവസാന ഘട്ടത്തിൽ ഡിങ് ലിറൻ വരുത്തിയ പിഴവുമായി ബന്ധപ്പെട്ടാണ് റഷ്യൻ ചെസ് ഫെഡറേഷൻ അധ്യക്ഷൻ സംശയം ഉന്നയിച്ചത്. ഇക്കാര്യത്തിൽ രാജ്യാന്തര ചെസ് ഫെഡറേഷൻ (ഫിഡെ) അന്വേഷണം നടത്തണമെന്നാണ് ആന്ദ്രെ ഫിലാത്തോവിന്റെ ആവശ്യം.

''ലോക ചെസ് ചാംപ്യൻഷിപ്പിലെ അവസാന ഗെയിമിന്റെ ഫലം ചെസ് കളിയിലെ പ്രഫഷനലുകളിലും ആരാധകരിലും വലിയ ആശ്ചര്യമുളവാക്കിയിട്ടുണ്ട്. മത്സരത്തിന്റെ നിർണായക ഘട്ടത്തിൽ ചൈനീസ് താരത്തിന്റെ പ്രവൃത്തികൾ സംശയാസ്പദമാണ്. ഇക്കാര്യത്തിൽ ഫിഡെ പ്രത്യേക അന്വേഷണം നടത്തണം' ഫിലാത്തോവ് ആവശ്യപ്പെട്ടു."ഡിങ് ലിറൻ തോൽവിയിലേക്കു നീങ്ങിയ, മത്സരത്തിന്റെ അത്തരമൊരു ഘട്ടത്തിൽ സാധാരണ ചെസ് താരങ്ങൾ പോലും തോൽക്കാൻ ബുദ്ധിമുട്ടാണ് എന്നതാണ് വാസ്തവം. 14ാം ഗെയിമിൽ ചൈനീസ് താരത്തിന്റെ തോൽവി ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. ആ തോൽവി മനഃപൂർവമായിരുന്നുവെന്ന് സംശയിക്കണം' ഫിലാത്തോവ് പറഞ്ഞു.

2023 ൽ റഷ്യൻ ഗ്രാൻഡ്മാസ്റ്റർ യാൻ നീപോംനീഷിയെ തോൽപിച്ചാണു ഡിങ് ചാംപ്യനായത്. ചാംപ്യന്റെ എതിരാളിയെ കണ്ടെത്താൻ നടത്തിയ, 8 പേർ പങ്കെടുത്ത കാൻഡിഡേറ്റ്സ് ടൂർണമെന്റ് വിജയിച്ചാണ് ഗുകേഷ് ഡിങ്ങിനെ നേരിട്ടത്.

# പമ്പ–അച്ചൻകോവിൽ–വൈപ്പാർ പദ്ധതി; പശ്ചിമഘട്ടം തുരന്ന് വെള്ളം കടത്താൻ തമിഴ്നാട്

പത്തനംതിട്ട: പശ്ചിമഘട്ട മലനിരകൾ തുരന്ന് കേരളത്തിന്റെ വെള്ളം തമിഴ്നാട്ടിലേക്ക് കടത്താനുള്ള പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീ സംയോജന പദ്ധതി വീണ്ടും സജീവ ചർച്ചയിലേക്ക് കൊണ്ടുവരാൻ തമിഴ്നാട് നീക്കം. പതിറ്റാണ്ടുകൾക്കു മുൻപ് തയാറാക്കിയ പദ്ധതി കേരളത്തിന്റെ ശക്തമായ എതിർപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ മുൻപോട്ടു കൊണ്ടുപോകാൻ തമിഴ്നാടിനു കഴിഞ്ഞിരുന്നില്ല.

എന്നാൽ പദ്ധതി വീണ്ടും ദേശീയ ജലവികസന ഏജൻസിയുടെ യോഗത്തിൽ ചർച്ചയ്ക്കു കൊണ്ടുവരാനാണ് തമിഴ്നാടിന്റെ ഇപ്പോഴത്തെ നീക്കം. യോഗത്തിന്റെ അജണ്ടയിൽ പദ്ധതി ഉൾപ്പെടുന്നുവെന്നു മനസിലാക്കി ശക്തമായ എതിർപ്പ് അറിയിക്കാനുള്ള തയാറെടുപ്പിലാണ് കേരളം.

പദ്ധതി പൂർണമായി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് കേരള നിയമസഭ 2003 ഓഗസ്റ്റ് ആറിന് പ്രമേയം പാസാക്കി കേന്ദ്രസർക്കാരിനു സമർപ്പിച്ചതാണ്.കേരളത്തിന്റെ ഭാഗമായ മലനിരകളിൽ നിന്നാരംഭിച്ച് സംസ്ഥാനത്തുകൂടി ഒഴുകുന്ന പന്പ, അച്ചൻകോവിൽ നദികളിൽ അധികജലമുണ്ടെന്നും ഇതു തമിഴ്നാട്ടിലേക്ക് തിരിച്ചുവിടണമെന്നുമുള്ള ലക്ഷ്യത്തോടെ 1990കളിൽ തയാറാക്കിയ പദ്ധതിയാണ് വൈപ്പാർ സംയോജന പദ്ധതി. കാലാകാലങ്ങളിൽ കേരളം ശക്തമായ എതിർപ്പ് അറിയിച്ചിരുന്നതിനാൽ പദ്ധതി നടക്കാതെ പോയി. എന്നാൽ പദ്ധതിക്കുവേണ്ടിയുള്ള പ്രാഥമിക തയാറെടുപ്പുകൾ എല്ലാം നടത്തിയ തമിഴ്നാട് ഇപ്പോഴും ശുഭപ്രതീക്ഷയിലാണ്.

പമ്പയിൽ നിന്നും അച്ചൻകോവിലാറ്റിൽ നിന്നും പ്രതിവർഷം 63.4 കോടി ഘനമീറ്റർ വെള്ളം തമിഴ്നാട്ടിലേക്ക് ടണൽവഴി തിരിച്ചുവിടുന്നതാണ് പദ്ധതി. തമിഴ്നാട്ടിലെ 91,400 ഹെക്ടറിൽ കൃഷി ആവശ്യത്തിന് ഇത് ഉപയോഗിക്കാമെന്നാണ് വിലയിരുത്തൽ. പമ്പയിലും അച്ചൻകോവിലാറ്റിലും അധികജലമുണ്ടെന്ന് മൂന്ന് പതിറ്റാണ്ടു മുൻപ് കേന്ദ്ര ജലകമ്മീഷൻ തയാറാക്കിയ ഒരു റിപ്പോർട്ടാണ് പദ്ധതിക്ക് ആധാരമായത്. എന്നാൽ ഇതിനെ ഖണ്ഡിച്ചു പിന്നീടുള്ള കണക്കുകൾ പുറത്തുവന്നെങ്കിലും പദ്ധതി നടപ്പാക്കണമെന്ന ആവശ്യത്തിൽ തമിഴ്നാട് ഉറച്ചുനിന്നു. ഇതിനുവേണ്ടി തമിഴ്നാട് കേരള അതിർത്തിയോടു ചേർന്ന മേക്കരയിൽ ഡാം പണികഴിപ്പിക്കുകയും ചെയ്തു. അച്ചൻകോവിൽ മലനിരകളുടെ മറുഭാഗത്തുകൂടിയുള്ള അടവി നൈനാർ തോട്ടിലെ വെള്ളമാണ് നിലവിൽ മേക്കരയിലെ സംഭരണിയിലെത്തുന്നത്. ഭാവിയിൽ ഈ സംഭരണിയിലേക്ക് അച്ചൻകോവിലാറ്റിൽനിന്ന് വെള്ളം എത്തിക്കാമെന്നതാണ് തമിഴ്നാടിന്റെ കണക്കുകൂട്ടൽ.

***നഷ്ടം കേരളത്തിനു മാത്രം***

കേരളത്തിനു വെള്ളം നഷ്ടപ്പെടുന്നുവെന്നതു മാത്രമല്ല 2004 ഹെക്ടർ വനം വെള്ളത്തിലാകുകയും ചെയ്യും. ഇതിൽ 1400 ഹെക്ടർ നിത്യഹരിത വനവും ഉൾപ്പെടും. പദ്ധതിക്കായി വിഭാവനം ചെയ്യുന്ന ഡാമുകൾ കേരളത്തിലാണ്. പന്പ - കല്ലാർ, അച്ചൻകോവിൽ - കല്ലാർ എന്നിവിടങ്ങളിലാണ് പ്രധാന സംഭരണികൾ.

സംഭരണികളെ ടണൽ വഴി ബന്ധിപ്പിക്കും. ഇവിടെ നിന്നും പശ്ചിമഘട്ട മലനിരകൾ തുരന്ന് ഒൻപതു കിലോമീറ്റർ ടണൽ നിർമിച്ചാണ് തൂത്തുക്കുടി, വിരുദുനഗർ ജില്ലകളിലൂടെ ഒഴികുന്ന വൈപ്പാർ നദിയിൽ വെള്ളം എത്തിക്കേണ്ടത്. നിലവിൽ മഴക്കാലത്തു മാത്രമാണ് പന്പയും അച്ചൻകോവിലും ജലസന്പുഷ്ടമാകുന്നത്. തുടർച്ചയായ രണ്ടുദിവസം മഴ മാറിനിന്നാൽ നദികൾ മെലിയുന്ന പ്രകൃതമാണ് കണ്ടുവരുന്നത്. നദികൾ വറ്റുന്നതോടെ കേരളത്തിന്റെ കുട്ടനാടൻ മേഖലയിലടക്കം വെള്ളം കിട്ടാതാകും. ഇത് വേന്പനാട് കായലിൽ ഓരുവെള്ളത്തിന്റെ കടന്നുകയറ്റത്തിനം കാരണമാകും. 1992– 93ലെ റിപ്പോർട്ടു പ്രകാരം പദ്ധതിയുടെ ചെലവ് 1397.91 കോടി രൂപയായിരുന്നു.

# നവീൻ ബാബുവിനെ കൊന്നശേഷം കെട്ടിതൂക്കിയതാണെന്ന് സംശയിക്കുന്നതായി ഹർജിക്കാരി ഹൈക്കോടതിയിൽ

കൊച്ചി: എഡിഎം നവീൻ ബാബു തൂങ്ങിമരിച്ചതാണെന്ന് വിശ്വസിക്കാനാകില്ലെന്ന് ഹർജിക്കാരിയായ ഭാര്യ മഞ്ജുഷ ഹൈക്കോടതിയിൽ. നവീൻ ബാബുവിനെ കൊന്നശേഷം കെട്ടിതൂക്കിയതെന്ന് സംശയിക്കുന്നതായി ഹർജിക്കാരി കോടതിയെ അറിയിച്ചു.

55 കിലോയുള്ള നവീൻ ബാബു ചെറിയ കയറിൽ തൂങ്ങിമരിച്ചുവെന്ന് പറഞ്ഞാൽ വിശ്വസിക്കാനാകില്ല. പോസ്റ്റ്മോർട്ടം ശരിയായ വിധത്തിൽ നടന്നിട്ടില്ല. പോസ്റ്റ്മോർട്ടത്തിൽ പല പ്രധാന വിവരങ്ങളും വിട്ടുകളഞ്ഞുവെന്നും ഹർജിക്കാരി കോടതിയെ അറിയിച്ചു.

നവീന്റെ അടിവസ്ത്രത്തിലെ രക്തക്കറയിലും ഉമിനീർ ഒലിച്ച് ഇറങ്ങിയതിലും അന്വേഷണമുണ്ടായില്ലെന്നും മഞ്ജുഷയുടെ അഭിഭാഷകൻ വാദിച്ചു. ഉത്തരവാദിത്തപ്പെട്ട സ്ഥാനത്തിരുന്ന എടിഎമ്മിന്റെ മരണത്തിലാണ് കുടുംബം സംശയം പ്രകടിപ്പിക്കുന്നത്. ഇപ്പോഴും തെളിവുകൾ കെട്ടിച്ചമയ്ക്കുന്നു. അതുകൊണ്ടുതന്നെ കുടുംബത്തിന്റെ ആശങ്കകൾ പരിഹരിക്കാൻ കേസ് സിബിഐക്ക് വിടണം. പ്രതിയുടെ രാഷ്ട്രീയ സ്വാധീനവും നവീൻ ബാബുവിനെ കുടുംബത്തിന്റെ ആശങ്കയും കോടതി പരിഗണിക്കണമെന്നും അഭിഭാഷകൻ ആവശ്യപ്പെട്ടു.

വലിയ രാഷ്ട്രീയ സ്വാധീനമുള്ള വ്യക്തിയാണ് പ്രതി. സത്യസന്ധമായ അന്വേഷണം നടക്കില്ല, സർക്കാർ പ്രതിയെ സംരക്ഷിക്കും. കൃത്യമായ അന്വേഷണം നടക്കണമെങ്കിൽ സിബിഐ വേണമെന്ന് ഹർജിക്കാരി കോടതിയിൽ വ്യക്തമാക്കി.

എന്നാൽ കേരളാ പോലീസിനെ വില കുറച്ച് കാണരുതെന്ന് കോടതി പറഞ്ഞു. കേരളാ പോലീസിനെ വില കുറച്ച് കാണുകയോ അന്വേഷണ സംഘത്തെക്കുറിച്ച് സംശയമോ തങ്ങൾക്കില്ല, നല്ല ടീമാണ്. പക്ഷേ ചില രാഷ്ട്രീയ സമ്മർദമൊഴിച്ചാൽ പോലീസിനെ കുറിച്ച് മോശം അഭിപ്രായമില്ലെന്നും സിബിഐയ്ക്ക് മികച്ച രീതിയിൽ അന്വേഷിക്കാൻ സംവിധാനമുണ്ടെന്നും ഹർജിക്കാരി കോടതിയിൽ വാദിച്ചു.

# രണ്ടാം പിണറായി സർക്കാർ പരാജയമെന്ന് പ്രതിനിധികളുടെ രൂക്ഷ വിമർശനം

കൊല്ലം: സിപിഎം ജില്ലാ സമ്മേളനത്തിൽ സംസ്ഥാന സർക്കാരിനെതിരേ പ്രതിനിധികളുടെ രൂക്ഷ വിമർശനം. രണ്ടാം പിണറായി സർക്കാർ പരാജയമെന്ന് പ്രതിനിധികൾ വ്യക്തമാക്കി.

പറഞ്ഞ വാഗ്ദാനങ്ങൾ പലതും പാലിച്ചില്ല. കേന്ദ്രത്തിന്റെ സഹായം കിട്ടുന്നില്ലെന്ന പല്ലവി നിർത്തണമെന്നും അഭിപ്രായമുയർന്നു. സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയെക്കുറിച്ചും വിമർശനം ഉയർന്നു. ലൈഫ് പദ്ധതിയിലും ഇന്ദിര ആവാസ് യോജന (ഐഎവൈ) യിലും ഉൾപ്പെട്ടവരെ ഐഎവൈയിലേക്കു മാറ്റി ലൈഫ് പദ്ധതിയുടെ ഭാരം കുറയ്ക്കുകയാണു സർക്കാർ. ഇതു പരോക്ഷമായി ബിജെപിയെ സഹായിക്കലാണെന്നും വിമർശനമുയർന്നു. അഞ്ചൽ, ശൂരനാട് പുനലൂർ ഏരിയാ കമ്മിറ്റികളാണ് വിമർശനം ഉന്നയിച്ചത്.

പരിചയ സമ്പന്നരെ ഒഴിവാക്കി പുതുമുഖങ്ങളെ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയത് മന്ത്രിസഭയ്ക്ക് ഗുണം ചെയ്തില്ല. സർക്കാരിന്റെ പ്രതിച്ഛായ തകരാൻ ഇത് കാരണമായി.

കിളികൊല്ലൂർ പോലീസ് മർദന കേസ് അടക്കം ചൂണ്ടികാട്ടി ആഭ്യന്തരവകുപ്പിനും വിമർശനം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും സമാനമായ വിഷയങ്ങൾ ഉണ്ടാകുന്നു. പോലീസിലെ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കാൻ ആഭ്യന്തര വകുപ്പിന് കഴിയുന്നില്ലെന്ന് പ്രതിനിധികൾ ചൂണ്ടിക്കാട്ടി. കൂടാതെ എ. കെ. ബാലൻ, മന്ത്രിമാരായ കെ. എൻ. ബാലഗോപാൽ, മന്ത്രി പി. എ. മുഹമ്മദ് റിയാസ്, പി. പി. ദിവ്യ എന്നിവർക്കെതിരേയും പ്രതിനിധികൾ വിമർശനമുന്നയിച്ചു. പാർട്ടി സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ ചില കാര്യങ്ങളിൽ തിരുത്തണമെന്നാണ് സമ്മേളന പ്രതിനിധികളുടെ അഭിപ്രായം. എ. കെ. ബാലൻ മാധ്യമങ്ങൾക്ക് മുന്നിലെത്തുമ്പോഴെല്ലാം പാർട്ടി കുഴപ്പത്തിലാവുകയാണ്. ബാലനെ നിയന്ത്രിക്കണം. മുഹമ്മദ് റിയാസ് മന്ത്രിയെന്ന നിലയിൽ ഒന്നും ചെയ്യുന്നില്ല. ആകെ ചെയ്യുന്നത് പബ്ലിസ്റ്റി സ്റ്റണ്ട് മാത്രമാണ്.

ഇത് പാർട്ടിക്ക് ഒരു ഗുണവും ചെയ്യുന്നില്ല. ഇ. പി. ജയരാജനെതിരേയുള്ള വിമർശനങ്ങൾ ഇന്നലെയും കൂടുതൽ പ്രതിനിധികൾ ഉന്നയിച്ചു. കണ്ണൂരിൽ നടക്കാൻ പാടില്ലാത്തതാണ് സംഭവിച്ചത്. പി. പി. ദിവ്യ അത്തരം കാര്യങ്ങൾ ചെയ്യരുതായിരുന്നു. ദിവ്യ പരിപാടിയിലെത്തിയത് അനവസരത്തിലാണെന്നും പ്രതിനിധികൾ കുറ്റപ്പെടുത്തി.

മന്ത്രി കെ. എൻ. ബാലഗോപാലിനെതിരേ സ്വന്തം ഏരിയാ കമ്മിറ്റി പ്രതിനിധികളാണ് കുറ്റപ്പെടുത്തലുകളുമായെത്തിയത്. മന്ത്രിയെന്ന നിലയിൽ തികഞ്ഞ പരാജയമാണ് ബാലഗോപാൽ. സ്വന്തം മണ്ഡലത്തിന് വേണ്ടി മന്ത്രിയായിട്ട് പോലും ഒന്നും ചെയ്യുന്നില്ലെന്നും പ്രതിനിധികൾ ആക്ഷേപം ഉന്നയിച്ചു. ബാലഗോപാലിനെ സദസിലിരുത്തിയായിരുന്നു പ്രതിനിധികൾ കുറ്റപ്പെടുത്തൽ നടത്തിയത്.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

പുതുതായി ആരംഭിച്ച തിരുവനന്തപുരം, ചാല ഗവ. ഐ.ടി.ഐ.യിൽ അഡിറ്റീവ് മാനുഫാച്ചറിങ് ടെക്നിഷ്യൻ, മൾട്ടിമീഡിയ അനിമേഷൻ ആൻഡ് സ്പെഷ്യൽ ഇഫക്ട്സ് ട്രേഡുകളിലായി ജൂനിയർ ഇൻസ്ട്രക്ടറുടെ നാല് ഒഴിവുകളിലേക്ക് ഓപ്പൺ, ഈഴവ/ബെല്ല/തിയ്യ വിഭാഗങ്ങളിൽ നിന്നും പി.എസ്.സി. റൊട്ടേഷൻ ചാർട്ട് അനുസരിച്ചാണ് താത്കാലിക നിയമനം. എസ്.എസ്.എൽ.സി., ബന്ധപ്പെട്ട ട്രേഡിൽ എൻ.ടി.സി/എൻ.എ.സിയിൽ മൂന്ന് വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻജിനിയറിങ് ഡിപ്ലോമ/ ഡിഗ്രി ആണ് യോഗ്യത. താൽപര്യമുള്ള ഉദ്യോഗാർഥികൾ ഡിസംബർ 16 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി ചാക്ക ഗവ. ഐ.ടി.ഐ. പ്രിൻസിപ്പാൾ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം.

## പി.ജി മെഡിക്കൽ പ്രവേശനം: ഓപ്ഷൻ കൺഫർമേഷൻ നൽകണം

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകൾ, തിരുവനന്തപുരം റിജിയണൽ കാൻസർ സെന്റർ (ആർ.സി.സി), സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ പി.ജി. മെഡിക്കൽ സ്റ്റേറ്റ് ക്വാട്ട സീറ്റുകളിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു. രണ്ടാംഘട്ട അല്ലോട്ട്മെന്റിന് പരിഗണിക്കുന്നതിനായി അപേക്ഷകർക്ക് ഓപ്ഷൻ കൺഫർമേഷൻ/ രജിസ്ടേഷൻ/ ഡിലീഷൻ/ റിഅറേഞ്ചമെന്റ് ചെയ്യുന്നതിനുള്ള സൗകര്യം ക്യാൻഡിഡേറ്റ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പങ്കെടുക്കുന്നവർ ഡിസംബർ 17 രാവിലെ 11 മണിക്കുള്ളിൽ മേൽ പറഞ്ഞ നടപടികൾ പൂർത്തിയാക്കണം. വിശദ വിവരങ്ങൾക്ക് www.cee.kerala.gov.in വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 04712525300.

## എം.ഫാം: രജിസ്ട്രേഷൻ ആരംഭിച്ചു

2024–ലെ പി.ജി ഫാർമസി (എം.ഫാം) കോഴ്സിലേക്കുള്ള ഓൺലൈൻ മോപ്–അപ് അലോട്ട്മെന്റിൽ പങ്കെടുക്കാനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ പോർട്ടൽ സൗകര്യം ഡിസംബർ 15 വൈകിട്ട് 5 മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471–2525300.

## മേട്രൻ ഒഴിവ്

തിരുവനന്തപുരം ബാർട്ടൺഹിൽ സർക്കാർ എൻജിനിയറിങ് കോളേജിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ മേട്രന്റെ ഒഴിവുണ്ട്. എസ്.എസ്.എൽ.സിയാണ് അടിസ്ഥാന യോഗ്യത.

അക്കൗണ്ടിങ്ങിലുള്ള അറിവ് അഭിലഷണീയം. ഹോസ്റ്റലിൽ താമസിച്ച് ജോലി ചെയ്യാൻ താൽപര്യമുള്ള 40 നും 60 നു ഇടയിൽ പ്രായമുള്ള വനിതാ ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. വാക്ക്–ഇൻ ഇന്റർവ്യൂ ഡിസംബർ 19 ന് രാവിലെ 10 മണിക്ക് കോളേജിൽ നടക്കും. താൽപര്യമുള്ള ഉദ്യോഗാർഥികൾ വയസ്, യോഗ്യത, പ്രവൃത്തി പരിചയം, സ്വഭാവ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവയുടെ അസൽ രേഖകൾ സഹിതം കോളേജിൽ ഹാജരാകണം.

## സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ്

2024–25 അധ്യയന വർഷത്തെ സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ 1050 വിദ്യാർഥികളുടെ താൽക്കാലിക ലിസ്റ്റ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ collegiateedu.kerala.gov.in, www.dcescholarship.kerala.gov.in വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

97.25 ശതമാനവും അതിലധികവും മാർക്ക് നേടിയ (പ്ലസ്ടുവിന് 1167ഉം CBSE-¡v 488 ഉം അതിൽ അധികവും മാർക്ക്) വിദ്യാർഥികളാണ് സ്കോളർഷിപ്പിന് അർഹരായിട്ടുള്ളത്. നിശ്ചിത സമയ പരിധിക്കുള്ളിൽ കോളേജ് മുഖേന അപേക്ഷ സമർപ്പിച്ച അർഹരായ വിദ്യാർഥികൾ (97.25 ശതമാനവും അതിലധികവും മാർക്ക് നേടിയ) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ്, ഫോൺ നമ്പർ എന്നിവ കൃത്യമാണോ എന്നും പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

പരാതി, തെറ്റു തിരുത്തൽ എന്നിവയ്ക്ക് മെയിൽ (statemeritscholarship@gmail.com) അല്ലെങ്കിൽ ഫോൺ (9446780308) മുഖേന ജനുവരി 4 ന് വൈകിട്ട് 5നു മുമ്പായി ബന്ധപ്പെടുക. പിന്നീട് ലഭിക്കുന്ന പരാതികൾ പരിഗണിക്കില്ല.

## സ്കൂൾ സ്കിൽ സെന്ററുകളിൽ ഒഴിവ്

സമഗ്രശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി 2024–25 അധ്യയന വർഷം തിരുവനന്തപുരം ജില്ലയിലെ വിവിധ സ്കൂളുകളിൽ പ്രവർത്തനം ആരംഭിക്കുന്ന സ്കിൽ സെന്ററുകളിൽ ട്രെയിനർ, സ്കിൽ സെന്റർ അസിസ്റ്റന്റ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷ ജില്ലാ പ്രോജക്ട് കോർഡിനേറ്ററുടെ കാര്യാലയം, സമഗ്രശിക്ഷാ കേരളം, ഗവ. ഗേൾസ് എച്ച്.എസ്. ചാല, തിരുവനന്തപുരം 695036 എന്ന വിലാസത്തിൽ ഡിസംബർ 20 വൈകിട്ട് 4 മണിക്ക് മുമ്പായി ലഭിക്കണം. വിശദവിവരങ്ങൾക്ക്:www.ssakerala.in. ഫോൺ: 0471–2455591.

## 1,255 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,255 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ഡിസംബർ 17ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ–കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്–1/505/2024ഫിൻ. തിയതി 12.12.2024) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

## വനിതാ കമ്മീഷൻ അദാലത്ത് 16 ന്

സംസ്ഥാന വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന എറണാകുളം ജില്ലാതല അദാലത്ത് ഡിസംബർ 16 ന് നടക്കും. എറണാകുളം ഗസ്റ്റ് ഹൗസ് ഹാളിൽ രാവിലെ 10 ന് ആരംഭിക്കുന്ന അദാലത്തിൽ പുതിയ പരാതികളും സ്വീകരിക്കും.

## അഭിപ്രായങ്ങൾ ക്ഷണിക്കുന്നു

കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി വേമ്പനാട്–കോൾ റാംസർ തണ്ണീർത്തടത്തിന്റെ സംയോജിത പരിപാലന പദ്ധതിയുടെ പുതുക്കിയ കരട് രേഖ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ ക്ഷണിക്കുന്നു. കരട് രേഖ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.swak.kerala.gov.in) അവലോകനത്തിനായി ലഭ്യമാണ്. കരട് രേഖ സംബന്ധിച്ച കമന്റുകൾ swak.kerala@gmail.com എന്ന വിലാസത്തിലേക്ക് ഇ–മെയിൽ വഴി സമർപ്പിക്കാം. പുതുക്കിയ കരട് രേഖ അവലോകനം ചെയ്യുന്നതിനുള്ള സംസ്ഥാന തണ്ണീർത്തട അതോറ്റിയുടെ മീറ്റിംഗ് നിശ്ചയിക്കുന്നത് വരെയാണ് അഭിപ്രായങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി. കൂടുതൽ വിവരങ്ങൾക്കായി ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കുക.

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സ്

2024–25 അധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 17 വൈകിട്ട് 5 മണി വരെയായി ദീർഘിപ്പിച്ചു. വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി അപേക്ഷയോടൊപ്പം നൽകേണ്ട സർട്ടിഫിക്കറ്റുകൾ ഡിസംബർ 21 വരെ അപ്‌ലോഡ് ചെയ്യാം. ഡിസംബർ 17 നുള്ളിൽ രജിസ്ട്രേഷൻ നടത്തി അപേക്ഷാ സമർപ്പണം പൂർത്തിയാക്കുന്നവരെ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഡിസംബർ 11 ലെ വിജ്ഞാപനം കാണുക. ഫോൺ : 0471 2525300

## അപേക്ഷ ക്ഷണിച്ചു

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്, ഡിഗ്രി (ഹിയറിങ് ഇംപയേർഡ്) ഡിപ്പാർട്ട്മെന്റിൽ ഇന്ത്യൻ ആംഗ്യഭാഷാ അധ്യാപകൻ, കമ്പ്യൂട്ടർ ഗ്രാഫിക്സ് അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. സ്റ്റൈപ്പൻഡോടുകൂടിയാണ് നിയമനം. അപേക്ഷിക്കുവാനുള്ള അവസാന തീയതി ഡിസംബർ 19. യോഗ്യത, പരിചയം, അപേക്ഷാ നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് https://nish.ac.in/others/career എന്ന ലിങ്ക് സന്ദർശിക്കുക.

## സ്ട്രേ വേക്കൻസി: ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ അവസരം

2024–25 അധ്യയന വർഷത്തെ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി നാലാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് നടത്തും. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് നാലാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിനായി ഡിസംബർ 15ന് രാത്രി 11.59 വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഡിസംബർ 10, 2024 ലെ വിജ്ഞാപന പ്രകാരം/മുൻ വിജ്ഞാപനങ്ങൾ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കും ആയുഷ് കോഴ്സുകൾക്കുള്ള ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. എന്നിരുന്നാലും പുതുക്കിയ കേരള സ്റ്റേറ്റ് മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളെ മാത്രമേ അലോട്ട്മെന്റിനായി പരിഗണിക്കുകയുള്ളൂ.

ഓൺലൈൻ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് 'ടൃമ്യ ഢമരമിര്യ ഛുശേീ ഞലഴശേൃമശേീ' എന്ന മെനു ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രക്രിയയിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേയ്ക്കും, കോഴ്സിലേയ്ക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. വിശദമായ വിജ്ഞാപനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് കാണുക. ഫോൺ: 0471 2525300

## ക്ഷീരഗ്രാമം പദ്ധതി: അപേക്ഷ ക്ഷണിച്ചു

ക്ഷീര വികസന വകുപ്പ് 2024–25 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട വിവിധ സ്കീമുകൾക്കായി ക്ഷീരശ്രീ പോർട്ടൽ (ksheerasree.kerala.gov.in) മുഖേന ഡിസംബർ 16 മുതൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

# കേരളത്തിലുള്ളത് ജനങ്ങളുടെ പക്ഷത്ത് നിൽക്കുന്ന സർക്കാർ : മന്ത്രി വി.ശിവൻകുട്ടി

## നെടുമങ്ങാട് താലൂക്ക് അദാലത്ത് മന്ത്രി ഉദ്ഘാടനം ചെയ്തു

## അദാലത്തുകളിലൂടെ സർക്കാർ ജനങ്ങളിലേക്ക് ഇറങ്ങി പ്രവർത്തിക്കുന്നുവെന്ന് മന്ത്രി ജി.ആർ അനിൽ

ജനങ്ങളുടെ പക്ഷത്ത് നിന്ന് പ്രവർത്തിക്കുന്ന സർക്കാരാണ് കേരളം ഭരിക്കുന്നതെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. കരുതലും കൈത്താങ്ങും നെടുമങ്ങാട് താലൂക്ക് അദാലത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ജനങ്ങളുടെ സംതൃപ്തിക്കാണ് സർക്കാർ പ്രാധാന്യം നൽകുന്നതെന്നും ജനങ്ങളുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാത്ത ഉദ്യോഗസ്ഥർക്കുള്ള താക്കീതാണ് കരുതലും കൈത്താങ്ങും അദാലത്തെന്നും മന്ത്രി പറഞ്ഞു. എല്ലാവരുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനാണ് ഇത്തരം അദാലത്തുകൾ നടത്തുന്നത്. കരുതലും കൈത്താങ്ങും അദാലത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത അപേക്ഷകൾക്ക് കാലതാമസമില്ലാതെ പരിഹാരം കണ്ടെത്താൻ കഴിയുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. അദാലത്ത് ജനങ്ങളുടെ ആശങ്കകൾക്ക് വേഗത്തിലും ഫലപ്രദമായും പരിഹാരം ഉറപ്പാക്കി ഭരണം ജനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുന്നുവെന്നും മന്ത്രി വ്യക്തമാക്കി.

പഴകുറ്റി എം.റ്റി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ അധ്യക്ഷനായിരുന്നു. അദാലത്തിൽ മന്ത്രിമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള സർക്കാർ സംവിധാനം ജനങ്ങളുടെ അടുത്തേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്നുവെന്ന് മന്ത്രി പറഞ്ഞു. അദാലത്തിലെത്തിയ അപേക്ഷകളിൽ പരിഹാരം കണ്ടെത്തുന്നതിനായി സർക്കാർ സംവിധാനം അക്ഷീണം പരിശ്രമിച്ചുവെന്നും ജനങ്ങളുടെ പ്രശ്നങ്ങൾ സർക്കാർ ഗൗരവത്തോടെ തന്നെ കാണുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

എം.എൽ.എമാരായ ഡി.കെ മുരളി, ജി.സ്റ്റീഫൻ, നെടുമങ്ങാട് നഗരസഭ ചെയർപേഴ്സൺ സി.എസ് ശ്രീജ, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.ഇന്ദുലേഖ, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി.കോമളം, കരകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു.ലേഖാറാണി, ജില്ലാ കളക്ടർ അനുകുമാരി, എഡി.എം ടി.കെ വിനീത്, നെടുമങ്ങാട് ആർഡിഒ കെ.പി ജയകുമാർ എന്നിവരും പങ്കെടുത്തു.

**പ്രകൃതിക്ഷോഭത്തിൽ ഉപജീവന മാർഗം നഷ്ടപ്പെട്ട ലതാകുമാരിക്ക് സർക്കാരിന്റെ കൈത്താങ്ങ്**

കോഴി വളർത്തൽ ഉപജീവന മാർഗമാക്കിയ പനവൂർ ഈന്തിക്കുന്ന് വട്ടറത്തല സ്വദേശി ലതാകുമാരിക്ക് കരുതലും കൈത്താങ്ങും അദാലത്തിൽ സർക്കാരിന്റെ സഹായം. ശക്തമായ കാറ്റിലും മഴയിലും ലതാകുമാരി കോഴികളെ പാർപ്പിച്ചിരുന്ന ഷെഡ് തകർന്നു പോയിരുന്നു. ഇതു സംബന്ധിച്ച് ലതാകുമാരി നൽകിയ അപേക്ഷ അടിയന്തരമായി പരിഗണിച്ച് മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള 50,000 രൂപയുടെ സഹായം നെടുമങ്ങാട് താലൂക്ക് അദാലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ കൈമാറി. കഴിഞ്ഞ ജൂലൈയിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിലാണ് ലത നിർമിച്ച രണ്ടു ഷെഡുകളും തകർന്നു വീണത്.

30 വർഷം മുൻപ് ഭർത്താവ് ഉപേക്ഷിച്ചു പോയ ലതാകുമാരി കഴിഞ്ഞ 23 വർഷമായി കോഴി വളർത്തലിലൂടെയാണ് ജീവനോപാധി കണ്ടെത്തിയിരുന്നത്. 84 വയസുള്ള രോഗിയായ അമ്മയോടൊപ്പം മകന്റെ വീട്ടിലാണ് ലത താമസിക്കുന്നത്.ജീവിതത്തിലെ പ്രയാസമേറിയ ഈ ഘട്ടത്തിൽ സംസ്ഥാന സർക്കാർ നൽകിയ ഈ സഹായം ഏറെ ആശ്വാസമായെന്ന് ലതാകുമാരി പറഞ്ഞു. കോഴി വളർത്തൽ കൂടുതൽ സജീവമാക്കി ജീവിതം മുന്നോട്ട് കൊണ്ടുപോകാനാണ് ലതാകുമാരിയുടെ തീരുമാനം.

ആലംബമറ്റ സഹോദരിമാർക്ക് താങ്ങായി സർക്കാർ

**അദാലത്തിൽ, എ എ വൈ റേഷൻ കാർഡിലേക്ക് തരംമാറ്റി നൽകി**

ജീവിത സങ്കടങ്ങൾക്കിടയിൽ ഏറെ പ്രതീക്ഷയോടെയാണ് കാച്ചാണി സ്വദേശികളായ സഹോദരിമാർ ശ്യാമള അമ്മയും സുഭദ്ര അമ്മയും അദാലത്ത് വേദിയിലെത്തിയത്. നിർധനരായ ഇരുവരും അവിവാഹിതരും മറ്റു ബന്ധുക്കളാരും സംരക്ഷിക്കാൻ ഇല്ലാത്തവരുമാണ്. നാട്ടുകാരുടെ സഹായത്തിലാണ് വയോധികരായ ഇവർ കഴിഞ്ഞു വരുന്നത്. ചുവപ്പ് റേഷൻ കാർഡിൽ നിന്നും അന്ത്യോദയ അന്നയോജന കാർഡിലേക്ക് പ്രയാസരഹിതമായ തരംമാറ്റം സാധിച്ചതിന്റെ സന്തോഷത്തിലായിരുന്നു സുഭദ്ര അമ്മ. എ എ വൈ റേഷൻ കാർഡ് അദാലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ സുഭദ്രാമ്മയ്ക്ക് നൽകി. എ എ വൈ റേഷൻ കാർഡ് മുന്നോട്ടുള്ള ജീവിതത്തിന് തങ്ങൾക്ക് ഏറെ സഹായകരമാകുമെന്ന് പറഞ്ഞ സുഭദ്രാമ്മ മന്ത്രിമാരായ ജി ആർ അനിലിലും വി ശിവൻ കുട്ടിയും നന്ദി പറഞ്ഞാണ് അദാലത്ത് വേദി വിട്ടത്.

**ശിശുപാലന് ഇനി ജീവിതം ഇഴചേർക്കാം**

തന്റെ ആകെയുള്ള വരുമാന മാർഗമായിരുന്ന കറവ പശു, തൊഴുത്ത് ഇടിഞ്ഞു വീണ് മരണപ്പെട്ടതോടെ ഭരതന്നൂർ സ്വദേശി ശിശുപാലന്റെ ജീവിതം ഇരുട്ടിലാവുകയായിരുന്നു. എട്ടു മാസം മുമ്പ് പെയ്ത മഴയിലാണ് തൊഴുത്ത് ഇടിഞ്ഞ് സമീപത്തുണ്ടായിരുന്ന കുഴിയിലേക്ക് പശു വീണ് ജീവനറ്റത്.

ജീവിതം മുന്നോട്ടു നീക്കാൻ മറ്റു പല തൊഴിൽ മാർഗ്ഗങ്ങളിൽ ഏർപ്പെട്ടെങ്കിലും ഇടയ്ക്കുണ്ടായ ഒരു വാഹനാപകടവും അനുബന്ധ ആരോഗ്യ പ്രശ്നങ്ങളും ജീവിതത്തിൽ വിലങ്ങുതടിയാവുകയായിരുന്നു. ജീവിതമാർഗം കണ്ടെത്താൻ എന്തെങ്കിലും വഴി തെളിയുമെന്ന നേരിയ പ്രതീക്ഷയിലാണ് ശിശുപാലൻ അദാലത്ത് വേദിയിൽ മന്ത്രിമാർക്കരികിൽ എത്തിയത്. പശു നഷ്ടമായതിന് പതിനാറായിരം രൂപ നഷ്ട പരിഹാരം അനുവദിച്ചു നൽകിയതിന്റെ ഉത്തരവ് മന്ത്രിമാർ അദാലത്ത് വേദിയിൽ ശിശുപാലന് കൈമാറി.

സർക്കാരിൽ നിന്ന് അനുവദിച്ച തുകയും തന്റെ കൈവശമുള്ള ചെറിയ സമ്പാദ്യവും കൂട്ടിച്ചേർത്ത് ചെറിയൊരു ജീവിതമാർഗം കോർത്തേടുക്കാം എന്ന പ്രതീക്ഷയിലാണ് ശിശുപാലൻ അദാലത്ത് വേദി വിട്ടിറങ്ങിയത്.

**62 വർഷത്തെ പോരാട്ടം ഫലം കണ്ടു : സരസ്വതി അമ്മയ്ക്ക് സ്വന്തം ഭൂമിയുടെ കൈവശാവകാശം ലഭിച്ചു**

വട്ടപ്പാറ ചിറ്റാഴ സ്വദേശി 84 കാരി സരസ്വതി അമ്മയുടെയും കുടുംബത്തിന്റെയും ആറു പതിറ്റാണ്ടിലധികം നീണ്ട കാത്തിരിപ്പിനായിരുന്നു നെടുമങ്ങാട് താലൂക്ക് അദാലത്തിൽ വിരാമമായത്. പാരമ്പര്യമായി ലഭിച്ച അഞ്ച് സെന്റ് വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റിനായി 1962 മുതൽ ഭർത്താവ് ശ്രീധരൻനായരാണ് അപേക്ഷ നൽകി കാത്തിരുന്നത്. മൂന്ന് വർഷം മുൻപ് ശ്രീധരൻനായർ മരണപ്പെട്ടു. കരുതലും കൈത്താങ്ങും നെടുമങ്ങാട് താലൂക്ക് അദാലത്തിൽ സരസ്വതി അമ്മ സമർപ്പിച്ച അപേക്ഷ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിലിന്റെ പരിഗണനക്കെത്തുകയും കൈവശാവകാശം നൽകുന്നതിന് മന്ത്രി ഉത്തരവിടുകയും ചെയ്തു.

1958 വരെ കരമടച്ചിരുന്ന ഭൂമിയിൽ 1.75 സെന്റ് വസ്തു പി.ഡബ്ല്യൂഡി. പുറമ്പോക്കെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കരമടയ്ക്കാൻ കഴിയാതിരുന്നത്. തുടർന്ന് കുടുംബം നടത്തിയ നിരന്തര ശ്രമങ്ങളെ തുടർന്ന് പി.ഡബ്യൂ.ഡിയുടെയും പഞ്ചായത്തിന്റെയും അനുകൂല റിപ്പോർട്ട് ലഭിക്കുകയായിരുന്നു. എന്നാൽ ചില സാങ്കേതിക പ്രശ്നങ്ങളെ തുടർന്ന് കൈവശരേഖ ലഭിച്ചിരുന്നില്ല.

വാർധക്യസഹജമായ അവശതകളെ തുടർന്ന് നേരിട്ടെത്താനായില്ലെങ്കിലും നീണ്ട നാളത്തെ നിരന്തര ശ്രമം ഫലം കണ്ടതിന്റെ ആശ്വാസത്തിലാണ് സരസ്വതി അമ്മ. കരുതലും കൈത്താങ്ങും താലൂക്ക് അദാലത്തിലൂടെ മന്ത്രിയിൽ നിന്നും ലഭിച്ച അനുകൂല ഉത്തരവിൽ ഏറെ സന്തോഷമുള്ളതായി മകൻ ശ്രീകുമാർ പറഞ്ഞു. അച്ഛൻ ശ്രീധരൻ നായുടെയും അമ്മ സരസ്വതി അമ്മയുടെയും പരിശ്രമങ്ങൾ അനുഭാവപൂർവം പരിഗണിച്ച സർക്കാരിന് നന്ദിയും അറിയിച്ചു.

**കുഞ്ഞു ശ്രാവണിക്കും കുടുംബത്തിനും ആശ്വാസത്തിന് മുൻഗണന**

ഏഴാം മാസത്തിൽ ജനിച്ച ശ്രാവണി, അവൾക്കിപ്പോൾ മൂന്നര വയസായി. ജന്മനാ ശ്രാവണിക്ക് ഹൃദയത്തിനും രക്തകുഴലുകൾക്കും തകരാറുമുണ്ട്. അമ്മ സനിതക്കും അമ്മൂമ്മ സൂസമ്മക്കും ഒപ്പമാണ് ശ്രാവണി നെടുമങ്ങാട് താലൂക്ക് അദാലത്ത് വേദിയിൽ എത്തിയത്. ശ്രാവണിക്കും അമ്മയ്ക്കും മുൻഗണന റേഷൻ കാർഡ് അദാലത്തിൽ മന്ത്രിമാർ കൈമാറിയത് വലിയ കഷ്ടപ്പാടുകൾക്കിടയിലെ ഒരു വെള്ളിവെളിച്ചമായി.

പൊന്മുടി കുളച്ചിക്കര ലയത്തിലാണ് സനിതയും ഭർത്താവ് സെൽവകുമാറും ശ്രാവണിക്കൊപ്പം താമസിക്കുന്നത്. കൂലിപ്പണിക്കാരനായ സെൽവകുമാറിന് ഒരു അപകടത്തിൽ കാലിന് പരിക്കേറ്റതോടെ ജീവിതം വീണ്ടും പാളം തെറ്റി. പരിസരത്തുള്ള വീടുകളിൽ ശുചീകരണ ജോലികൾ ചെയ്താണ് സനിത കുടുംബം പുലർത്തുന്നത്.

മകളുടെ ചികിത്സയ്ക്കും വീട്ടുചെലവിനും പെടാപ്പാടുപെടുന്ന കുടുംബത്തിന് ഏറെ ആശ്വാസമായി സർക്കാരിന്റെ ഈ കൈത്താങ്ങ്. സ്വന്തമായി ഒരു വീട് വേണമെന്നുള്ളതാണ് ഇവരുടെ ഇനിയുള്ള സ്വപ്നം. അതിനു പരിഹാരം വൈകാതെ കാണാം എന്ന ഉറപ്പ് അദാലത്തിൽ മന്ത്രി വി ശിവൻകുട്ടി നൽകിയത് നിറ കണ്ണുകളോടെയാണ് സനിത കേട്ടത്. ജീവിത ദുരിതങ്ങളിൽ സർക്കാർ ഒപ്പമുണ്ടാകുമെന്ന ഉറപ്പാണ് ശ്രാവണിക്കും സനിതയ്ക്കും അദാലത്തിൽ നിന്നു ലഭിച്ചത്.

**രേഖകൾ സമർപ്പിച്ചാൽ മാത്രം മതി മഞ്ജുവിന് സഹായം റെഡിയാണ്**

മുളയറ സ്വദേശി മഞ്ജുവിന് തന്റെ അമ്മ സുശീലയെ നഷ്ടപ്പെടുന്നത് മൂന്നു മാസം മുൻപാണ്. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളിയായിരുന്നു സുശീല. പഞ്ചായത്തിലെ തൊഴിലുറപ്പു പ്രവർത്തികൾക്കിടെ കടന്നൽ കുത്തേറ്റായിരുന്നു സുശീല മരണപ്പെട്ടത്. ഭർത്താവ് മരിച്ചു പോയ മഞ്ജുവിനും കുട്ടികൾക്കും താങ്ങായിരുന്നു അമ്മ. ആശ്വാസമായി ലഭിക്കുന്ന തുകയിലുള്ള തീരുമാനം വേഗത്തിലാകും എന്ന പ്രതീക്ഷയിലാണ് മഞ്ജു അദാലത്തിൽ മന്ത്രിമാരായ ജി ആർ അനിലിനും വി ശിവൻ കുട്ടിയ്ക്കും അരികിലെത്തിയത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളിയുടെ അവകാശിക്ക് എക്സ്ഗ്രേഷ്യ തുകയായ എഴുപത്തി അയ്യായിരം രൂപ അദാലത്തിൽ മന്ത്രിമാർ അനുവദിച്ചു. പണം അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് മഞ്ജു കൈപ്പറ്റി. ഉത്തരവ് പ്രകാരം ആം ആത്മി ബീമാ യോജന പദ്ധതി പ്രകാരമുള്ള സഹായതുക അരുവിക്കര ഗ്രാമപഞ്ചായത്ത് അനുവദിച്ചു നൽകും. നിയമാനുസൃത അവകാശസാക്ഷ്യ പത്രം ഹാജരാക്കുന്ന മുറയ്ക്ക് എക്സ്ഗ്രേഷ്യ തുക മഞ്ജുവിന് ലഭിക്കുകയും ചെയ്യും.

**നടപടികൾ വേഗത്തിലായതിന്റെ ആശ്വാസത്തിൽ മന്ത്രിമാർക്ക് നന്ദി പറഞ്ഞ് മഞ്ജു അദാലത്ത് വേദിയുടെ പടിയിറങ്ങി.**

പൊന്മുടി കുളച്ചിക്കര ലയത്തിലാണ് സനിതയും ഭർത്താവ് സെൽവകുമാറും ശ്രാവണിക്കൊപ്പം താമസിക്കുന്നത്. കൂലിപ്പണിക്കാരനായ സെൽവകുമാറിന് ഒരു അപകടത്തിൽ കാലിന് പരിക്കേറ്റതോടെ ജീവിതം വീണ്ടും പാളം തെറ്റി. പരിസരത്തുള്ള വീടുകളിൽ ശുചീകരണ ജോലികൾ ചെയ്താണ് സനിത കുടുംബം പുലർത്തുന്നത്.

മകളുടെ ചികിത്സയ്ക്കും വീട്ടുചെലവിനും പെടാപ്പാടുപെടുന്ന കുടുംബത്തിന് ഏറെ ആശ്വാസമായി സർക്കാരിന്റെ ഈ കൈത്താങ്ങ്. സ്വന്തമായി ഒരു വീട് വേണമെന്നുള്ളതാണ് ഇവരുടെ ഇനിയുള്ള സ്വപ്നം. അതിനു പരിഹാരം വൈകാതെ കാണാം എന്ന ഉറപ്പ് അദാലത്തിൽ മന്ത്രി വി ശിവൻകുട്ടി നൽകിയത് നിറ കണ്ണുകളോടെയാണ് സനിത കേട്ടത്. ജീവിത ദുരിതങ്ങളിൽ സർക്കാർ ഒപ്പമുണ്ടാകുമെന്ന ഉറപ്പാണ് ശ്രാവണിക്കും സനിതയ്ക്കും അദാലത്തിൽ നിന്നു ലഭിച്ചത്.

**ഭർതൃമാതാവിന്റെ മരണ സർട്ടിഫിക്കറ്റ് ഒരാഴ്ചക്കകം : ഗീതാകുമാരിക്ക് ആശ്വാസമായി അദാലത്ത്**

അറിവില്ലായ്മ കൊണ്ട് പറ്റിയ കാലതാമസം കല്ലയം സ്വദേശി ഗീതാകുമാരിക്ക് ചെറുതല്ലാത്ത ബുദ്ധിമുട്ടാണുണ്ടാക്കിയത്. 17 വർഷം മുൻപ് മരണപ്പെട്ട ഭർതൃമാതാവ് ഗൗരിക്കുട്ടിയമ്മയുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിരുന്നില്ല. ഇത് സംബന്ധിച്ച് കൃത്യമായ അറിവ് ഗീതാകുമാരിക്കോ ഭർത്താവ് രാമചന്ദ്രൻ നായർക്കോ ഇല്ലായിരുന്നു. മരണം നടന്ന് 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യേണ്ടതാണ്.2007ൽ മരണപ്പെട്ട ഗൗരിയമ്മയുടെ മരണസർട്ടിഫിക്കറ്റിനായി കരുതലും കൈത്താങ്ങും നെടുമങ്ങാട് താലൂക്ക് അദാലത്തിൽ അപേക്ഷ നൽകിയ ഗീതാകുമാരിക്ക് അനുകൂലമായി, ഭക്ഷ്യ പൊതുവിതരണവകുപ്പ് മന്ത്രി ജി.ആർ അനിൽ നടപടിയ്ക്ക് ഉത്തരവിട്ടു. ഒരാഴ്ചക്കകം മരണസർട്ടിഫിക്കറ്റ് നൽകാനാണ് മന്ത്രിയുടെ നിർദേശം.

**കരുതലും കൈത്താങ്ങും : നെടുമങ്ങാട് താലൂക്കിൽ 470 മുൻഗണനാ കാർഡുകൾ നൽകി**

നെടുമങ്ങാട് താലൂക്ക് അദാലത്തിൽ 470 മുൻഗണനാ റേഷൻകാർഡുകൾ വിതരണം ചെയ്തു. താലൂക്ക് തല അദാലത്തിൽ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് 2025 അപേക്ഷകളാണ് ജില്ലയിൽ ലഭിച്ചത്. നെയ്യാറ്റിൻകര താലൂക്ക് സപ്ലൈ ഓഫീസിൽ എഎവൈ/ഗുരുതര രോഗസംബന്ധിയായതും തെളിമപദ്ധതി വഴിയും 624 അപേക്ഷകളാണ് ലഭിച്ചത്. എല്ലാ അപേക്ഷകളിലും പൂർണ നടപടി സ്വീകരിച്ചു.ഇതിൽ 470 അപേക്ഷകർക്കാണ് അന്ത്യോദയാ അന്നയോജന (മഞ്ഞ) / മുൻഗണനാ (ചുവപ്പ്) റേഷൻ കാർഡുകൾ അനുവദിച്ചത്. 329 അന്ത്യോദയാ അന്നയോജന കാർഡുകളും 141 പി.എച്ച്.എച്ച് കാർഡുകളും ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ വിതരണം ചെയ്തു.

**അജിത്കുമാറിന് ജനന സർട്ടിഫിക്കറ്റിന്റെ കുരുക്കഴിച്ച് അദാലത്ത്**

ആധാർ പുതുക്കിയപ്പോഴാണ് കോലിയക്കോട് ചിറ്റാരിക്കോണത്ത് വീട്ടിൽ അജിത്കുമാറിന് ജനനത്തിയതി മാറിപ്പോയത്. പാസ്പോർട്ട് പുതുക്കാൻ നൽകിയപ്പോൾ ആധാറിലെ ജനന തിയ്യതി കുരുക്കായി. മുൻപ് ജനന സർട്ടിഫിക്കറ്റ് ഇല്ലാതിരുന്നതിനാൽ 55 വയസുള്ള അജിത്കുമാർ പുതിയ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുകയയായിരുന്നു.ഓഫീസുകൾ കയറി ഇറങ്ങിയെങ്കിലും സർട്ടിഫിക്കറ്റ് ലഭിക്കാൻ വൈകി. നെടുമങ്ങാട് താലൂക്ക് അദാലത്തിൽ ഏറെ നാളായുള്ള പ്രശ്നത്തിന് പരിഹാരം കാണുകയായിരുന്നു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ, അജിത്കുമാറിന് ജനന സർട്ടിഫിക്കറ്റ് കൈമാറി. തന്നെ ഏറെ വലച്ച പ്രശ്നത്തിന് അദാലത്തിൽ പരിഹാരമായതിന്റെ ആശ്വാസത്തിലാണ് അജിത്കുമാർ.

## പരിശീലന പ്രോഗ്രാമുകളിൽ അപേക്ഷിക്കാം

കേരള നോളജ് ഇക്കോണമി മിഷന്റെ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പ്രോഗ്രാമുകളിൽ അപേക്ഷിക്കാം. അക്കൗണ്ടിംഗ്, ഹെൽത്ത് കെയർ, മീഡിയ & എന്റർടൈൻമെന്റ്, മൊബൈൽ & വെബ് ഡെവലപ്മെന്റ്, സോഫ്റ്റ്‌വെയർ ഡെവലപ്മെൻറ് & ടെസ്റ്റിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഐടി & ക്ലൗഡ് കമ്പ്യൂട്ടിങ്, സിവിൽ ആൻഡ് ഡിസൈൻ, ഡാറ്റ സയൻസ് & മെഷീൻ ലേർണിംഗ് തുടങ്ങി വിവിധ പരിശീലന മേഖലകളിൽ കോഴ്സുകൾ ലഭ്യമാണ്. കോഴ്സുകളിൽ അപേക്ഷിക്കാൻ താല്പര്യമുള്ളവർ 20നകം രജിസ്റ്റർ ചെയ്യണം.

ഡി.ഡബ്ല്യു.എം.എസ് കണക്ട് ആപ്പ് ഡൗൺലോഡ് ചെയ്തോ പോർട്ടൽ വഴിയോ രജിസ്റ്റർ ചെയ്യണം. ലോഗിൻ ചെയ്തശേഷം സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം സെലക്ട് ചെയ്യണം. കാറ്റലോഗിൽ നിന്നും താല്പര്യമുള്ള സ്കിൽ പ്രോഗ്രാമുകളിൽ അപേക്ഷ സമർപ്പിക്കാം.

രജിസ്ട്രേഷൻ ലിങ്ക്: https://forms.gle/aipEv1FfajcGiUNr6.

## അംശാദായം പുനസ്ഥാപിക്കാം

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള അംശാദായം പത്ത് വർഷം വരെ മുടക്കമുള്ളവർക്കും രണ്ടു തവണയിൽ കൂടുതൽ കുടശ്ശിക വരുത്തിയിട്ടുള്ളവർക്കും വ്യവസ്ഥകൾക്ക് ഇളവ് നൽകി കുടിശ്ശിക അംശാദായവും പ്രതിമസം അഞ്ചു രൂപ നിരക്കിൽ പിഴയും പരമാവധി മൂന്ന് ഗഡുക്കളായി അടച്ച് അംഗത്വം പുനസ്ഥാപിക്കാം.

## കണ്ണീർക്കടലായി കല്ലടിക്കോട്; വൻ പ്രതിഷേധവുമായി നാട്ടുകാർ

പാലക്കാട്: സ്കൂൾ വിദ്യാർഥികൾക്കിടയിലേക്ക് ലോറി പാഞ്ഞുകയറി നാലു വിദ്യാർഥിനികൾ മരിച്ചതിൽ പ്രതിഷേധവുമായി നാട്ടുകാർ. ഇന്ന് വൈകുന്നേരം നാലിന് പാലക്കാട് കല്ലടിക്കോടായിരുന്നു അതിദാരുണമായ സംഭവമുണ്ടായത്. റോഡിലേക്ക് മറിഞ്ഞ ലോറി ഉയർത്തി ഗതാഗതം പുനസ്ഥാപിച്ചപ്പോൾ പ്രതിഷേധവുമായി നാട്ടുകാർ എത്തുകയായിരുന്നു. പാലക്കാട് - കോഴിക്കോട് ദേശീയപാതയിൽ കല്ലടിക്കോട് സ്ഥിരം അപകട മേഖലയാണെന്ന് നാട്ടുകാർ പറഞ്ഞു. ഇതിനു പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടാണ് നാട്ടുകാർ പ്രതിഷേധിക്കുന്നത്.

ഇതുവരെ 55 അപകടങ്ങൾ ഇവിടെ നടന്നിട്ടുണ്ടെന്നും ഏഴു മരണവും 65 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ടെന്നും നാട്ടുകാർ പറഞ്ഞു. പ്രതിഷേധക്കാരുമായി പോലീസ് ചർച്ച നടത്തിയെങ്കിലും വിജയിച്ചില്ല. ജില്ലാ കളക്ടർ സ്ഥലത്ത് എത്തി പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാതെ തങ്ങൾ പിരിഞ്ഞു പോകില്ലെന്ന് പ്രതിഷേധക്കാർ പറഞ്ഞു. പരീക്ഷ കഴിഞ്ഞിറങ്ങിയ വിദ്യാർഥിനികളാണ് അപകടത്തിൽപ്പെട്ടത്. നിയന്ത്രണം വിട്ട ലോറി പാഞ്ഞുവരുന്നതു കണ്ട് ഒരു വിദ്യാർഥിനി ചാടിമാറി. മറ്റു കുട്ടികളുടെ മുകളിലേക്കു ലോറി മറിയുകയായിരുന്നു. പരിക്കേറ്റ വിദ്യാർഥികളെ കരിമ്പയിലെ ആശുപത്രിയിലെത്തിച്ചപ്പോഴേക്കും മരിച്ചിരുന്നു.

## മണിയാർ വൈദ്യുത പദ്ധതി: കരാർ നീട്ടിക്കൊടുത്ത് സർക്കാർ കമ്പനിയെ സഹായിക്കുന്നെന്ന് ചെന്നിത്തല

ന്യൂഡൽഹി: മണിയാർ വൈദ്യുത പദ്ധതിയിൽ കാർബൊറണ്ടം കമ്പനിക്കായി സർക്കാർ കള്ളക്കളി നടത്തുന്നെന്ന് രമേശ് ചെന്നിത്തല. ബിഒടി വ്യവസ്ഥ മറികടന്ന് കാലാവധി നീട്ടികൊടുക്കാനാണ് നീക്കം. 30 വർഷത്തെ കരാർ അവസാനിച്ച പദ്ധതി 25 വർഷത്തേക്ക് കൂടി നീട്ടാനാണ് പിണറായി സർക്കാർ ശ്രമിക്കുന്നതെന്ന് ചെന്നിത്തല ആരോപിച്ചു.നായനാർ സർക്കാരിന്റെ കാലത്ത് ബിഒടി വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ അവസരം നൽകി. ഇതിന്റെ ഭാഗമായി കാർബൊറണ്ടം യൂണിവേഴ്സൽ ഗ്രൂപ്പിന് മണിയാറിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ അവസരം ലഭിച്ചു. ഒരു യൂണിറ്റിന് 50 പൈസക്കാണ് മണിയാറിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ അവസരം നൽകിയത്. 30 വർഷത്തേക്ക് ഒപ്പിട്ട കരാർ നീട്ടാനുള്ള സർക്കാർ ശ്രമം അഴിമതിയാണ്. ഡിസംബർ 30 ന് ബിഒടി കാലാവധി അവസാനിക്കാനിരിക്കെ 30 ദിവസം മുന്പ് നോട്ടീസ് നൽകി പദ്ധതി സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ അതിന് സർക്കാർ തയാറാകുന്നില്ല.

2023ൽ കാർബൊറണ്ടം ഗ്രൂപ്പുമായി സർക്കാർ ചർച്ച നടത്തി. വെള്ളപ്പൊക്കത്തിൽ നാശനഷ്ടമുണ്ടായെന്ന് വാദിച്ച് കരാർ നീട്ടാനാണ് കമ്പനി ശ്രമിച്ചത്. മുഖ്യമന്ത്രിയും, വൈദ്യുതി മന്ത്രിയും, വ്യവസായ മന്ത്രിയും ഗൂഢാലോചന നടത്തി കമ്പനിക്ക് വേണ്ടി കള്ളക്കളി കളിക്കുകയാണെന്ന് ചെന്നിത്തല ആരോപിച്ചു. വെള്ളപ്പൊക്കത്തിൽ കാര്യമായ പ്രശ്നങ്ങളൊന്നും വൈദ്യുത പദ്ധതിക്ക് ഉണ്ടായില്ല. നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ കമ്പനിക്ക് ഇൻഷുറൻസിന് അപേക്ഷിക്കാമല്ലോയെന്നും ചെന്നിത്തല ചോദിച്ചു.

കമ്പനിക്ക് കരാർ നീട്ടിക്കൊടുക്കാനുള്ള നീക്കം സംസ്ഥാന സർക്കാർ അവസാനിപ്പിക്കണമെന്നും പദ്ധതി കെഎസ്ഇബി ഏറ്റെടുക്കണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.

## പി.ജി.ആയുർവേദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം:പ്രൊഫൈൽ പരിശോധിക്കുന്നതിനും തിരുത്തുന്നതിനും അവസരം

2024-25 അധ്യയന വർഷത്തെ പി.ജി.ആയുർവേദ കോഴ്സുകളിലെ മൂന്നാം ഘട്ട സ്ട്രേ വേക്കൻസി പ്രവേശനത്തിനായി അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ വിവരങ്ങൾ പരിശോധിക്കുന്നതിനും, ന്യൂനതകൾ ഉള്ള പക്ഷം അവ തിരുത്തുന്നതിനുമുള്ള അവസരം ഡിസംബർ 16നു ഉച്ചയ്ക്ക് 12 മണി വരെ ലഭ്യമായിരിക്കും. അപേക്ഷയിൽ ന്യൂനതയുണ്ടെങ്കിൽ വിദ്യാർഥികൾക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ/രേഖകൾ എന്നിവ www.cee.kerala.gov.in വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യാവുന്നതാണ്. വിശദമായ വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## ദിവസവേതനാടിസ്ഥാനത്തിൽ നിയമനം

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഒഴിവുണ്ട്. എസ്.എസ്.എൽ.സിയും കെ.ജി.ടി.എ/ എം.ജി.ടി.എ (ടൈപ്പ് റൈറ്റിങ് മലയാളം ഹയറും ഇംഗ്ലീഷ് ലോവറും ആണ് യോഗ്യത.

അപേക്ഷയും ആവശ്യമായ രേഖകളും ഡിസംബർ 28-ന് വൈകുന്നേരം 5ന് മുമ്പായി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിക്കണം. വിലാസം: ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം- 695034. ഫോൺ: 0471-2333790, 8547971483, www.ksicl.org.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# 29ാമത് ഐ എഫ് എഫ് കെ: ആദ്യ ദിനം 11 ചിത്രങ്ങൾ പ്രദർശിപ്പിച്ചു; ഉദ്ഘാടന ചിത്രം പ്രദർശിപ്പിച്ചത് നിറഞ്ഞ സദസ്സിൽ

നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ഐഎഫ്എഫ്കെയുടെ പ്രൗഢഗംഭീരമായ ഉദ്ഘാടന ചടങ്ങിന് ശേഷമാണ് ഉദ്ഘാടന ചിത്രം 'ഐ ആം സ്റ്റിൽ ഹിയർ' പ്രദർശിപ്പിച്ചത്. ചലച്ചിത്രാസ്വാദകരുടെ നിറഞ്ഞ സദസ്സിന് മുന്നിലായിരുന്നു പ്രദർശനം. വിഖ്യാത ബ്രസീലിയൻ സംവിധായകൻ വാൾട്ടർ സാലസ് സംവിധാനം ചെയ്ത പോർച്ചുഗീസ് ഭാഷയിലുള്ള ചിത്രം ബ്രസീൽ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ സംയുക്ത സംരംഭമാണ്.

1970കളുടെ തുടക്കത്തിൽ ബ്രസീലിൽ സൈനിക സ്വേച്ഛാധിപത്യത്തിന് കീഴിൽ ഞെരിഞ്ഞമരുന്ന കാലത്ത് നടന്ന സംഭവത്തിന്റെ ചലച്ചിത്രാവിഷ്കാരമാണിത്. വിമത രാഷ്ട്രീയ പ്രവർത്തകനായ ഭർത്താവിനെ കാണാതായതിനെ തുടർന്ന് അദ്ദേഹത്തെ അന്വേഷിച്ചിറങ്ങുന്ന അഞ്ചു മക്കളുടെ അമ്മയായ യൂനിസ് പൈവയുടെ കാഴ്ചപ്പാടിലൂടെ ഒരു രാജ്യത്തിനേറ്റ മുറിവിന്റെ ആഴം കാട്ടിത്തരുകയാണ് സംവിധായകൻ.

പ്രതിസന്ധിയിൽപ്പെട്ട കുടുംബത്തിന്റെ വേദനകളും നഷ്ടങ്ങളും അതിശക്തമായ ചലച്ചിത്രഭാഷയിൽ ആവിഷ്കരിച്ചിരിക്കുന്ന ചിത്രമാണ് അയാം സ്റ്റിൽ ഹിയർ. ആഗോളതലത്തിലുള്ള നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും നേടിയ ചിത്രത്തിന് ഐ എഫ് എഫ് കെ വേദിയിലും മികച്ച പ്രതികരണമാണ് ലഭിച്ചത്. 'ഐ ആം സ്റ്റിൽ ഹിയർ' ഉൾപ്പെടെ 11 സിനിമകളാണ് ആറ് തിയേറ്ററുകളിലായി ഇന്ന് പ്രദർശിപ്പിച്ചത്.

രാവിലെ 9.30 മുതൽ തുടങ്ങിയ പ്രദർശനങ്ങളിൽ ഡെലിഗേറ്റുകളുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ലോക സിനിമ വിഭാഗത്തിൽ ജർമൻ സിനിമ 'ഷഹീദ്', ബ്രസീൽ-പോർച്ചുഗൽ ചിത്രം 'ഫോർമോസ ബീച്ച്', ഫ്രാൻസിൽ നിന്നുള്ള 'ഗേൾ ഫോർ എ ഡേ', റൊമേനിയൻ ചിത്രം 'ത്രീ കിലോമീറ്റേഴ്സ് ടു ദി എൻഡ് ഓഫ് ദി വേൾഡ്', ബ്രസീലിൽ നിന്നുള്ള 'ബേബി',ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ നിന്നുള്ള 'പെപ്പെ' എന്നിവ പ്രദർശിപ്പിച്ചു.

ഫീമെയിൽ ഗേസ് വിഭാഗത്തിൽ നോർവെയിൽ നിന്നുള്ള 'ലവബിൾ', സെർബിയൻ ചിത്രം 'വെൻ ദ ഫോൺ റാങ്' എന്നിവയുടെ പ്രദർശനം നടന്നു. ലൈഫ് ടൈം അച്ചീവമെന്റ് വിഭാഗത്തിൽ ഹോങ്കോങ്ങിൽ നിന്നുള്ള 'ജൂലി റാപ്സഡി' , ലാറ്റിൻ അമേരിക്കൻ പാക്കേജിൽ മെക്സിക്കൻ ചിത്രം 'അന്ന ആൻഡ് ഡാന്റെ' എന്നിവയാണ് ആദ്യ ദിനത്തിൽ പ്രദർശിപ്പിച്ച മറ്റ് ചിത്രങ്ങൾ.



## ഐ. എഫ്. എഫ്. കെ. രണ്ടാം ദിനം:' ഷുഡ് ദി വിൻഡ് ഡ്രോപ്പ്' മുതൽ' കിഷ്കിന്ധാ കാണ്ഡം' വരെ

29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ രണ്ടാം ദിനത്തിൽ 67 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഹോമേജ് വിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന എം. മോഹൻ സംവിധാനം ചെയ്ത 'രചന', ഉത്പലേന്ദു ചക്രബർത്തി സംവിധാനം ചെയ്ത 'ചോഖ്', സെന്റണിയൽ ട്രിബ്യൂട്ട് വിഭാഗത്തിൽ പി. ഭാസ്കരൻ സംവിധാനം ചെയ്ത 'മൂലധനം' എന്നിവ രണ്ടാം ദിനം പ്രദർശിപ്പിക്കുന്ന ശ്രദ്ധേയ ചിത്രങ്ങളാണ്. മലയാളം സിനിമ ടുഡേ വിഭാഗത്തിൽ വിജയരാഘവൻ, ആസിഫ് അലി, അപർണ ബാലമുരളി എന്നിവർ അഭിനയിച്ച കിഷ്കിന്ധാ കാണ്ഡത്തിന്റെ പ്രദർശനം ഉച്ചതിരിഞ്ഞു മൂന്നിന് ന്യൂ തിയേറ്ററിൽ നടക്കും. പെരുമാൾ മുരുകന്റെ ചെറുകഥയെ ആധാരമാക്കി വിപിൻ രാധാകൃഷ്ണൻ സംവിധാനം ചെയ്ത ചിത്രമാണ് അങ്കമ്മാൾ. വൈകിട്ട് ആറിനു കൈരളി തിയേറ്ററിൽ പ്രദർശിപ്പിക്കുന്ന ചിത്രം നഗരഗ്രാമാന്തരങ്ങളിലെ കാഴ്ച്ചപ്പാടുകൾ തമ്മിലുള്ള അന്തരത്തെ ഒരു അമ്മയുടെയും മകന്റെയും ബന്ധത്തിലൂടെ ആവിഷ്കരിക്കുന്നു.

നോറ മാർട്ടിറോഷ്യൻ സംവിധാനം ചെയ്ത ഷുഡ് ദി വിൻഡ് ഡ്രോപ്പ് , കൺട്രി ഫോക്കസ് വിഭാഗത്തിൽ രാവിലെ 9:30ന് നിള തിയേറ്ററിൽ പ്രദർശിപ്പിക്കും.

## പി. കെ. റോസിയുടെ സ്മരണയുമായി സിഗ്നേച്ചർ ഫിലിം 'സ്വപ്നായനം'

മലയാള സിനിമയുടെ ആദ്യ നായിക പി.കെ. റോസിയുടെ ദീപ്ത സ്മരണയിൽ കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ സിഗ്നേച്ചർ ഫിലിം. മലയാള സിനിമാ ചരിത്രത്തെ പി.കെ. റോസിയുടെ ധീരപാരമ്പര്യത്തിലൂടെയും തൊഴിലാളി വർഗത്തിന്റെ കഠിനതകൾ നിറഞ്ഞ പോരാട്ടങ്ങളിലൂടെയും അടയാളപ്പെടുത്തുകയാണ് 'സ്വപ്നായനം'.

തിരുവനന്തപുരത്തെ കാപിറ്റോൾ തിയേറ്ററിൽ നടക്കാൻ പോകുന്ന 'വിഗതകുമാര'ന്റെ ആദ്യപ്രദർശനത്തെക്കുറിച്ചുള്ള ചരിത്ര പ്രധാനമായ വിളംബരത്തിൽ ആരംഭിക്കുന്ന സ്വപ്നായനം, ഒരു നഗരത്തിന്റെ വളർച്ചയെയും പുതിയ തിയേറ്ററുകളുടെ ഉത്ഭവത്തെയും ദൃശ്യവത്കരിക്കുന്നു. മലയാള സിനിമയുടെ ഉറവിടത്തിൽ നിന്നും പറന്നുയരുന്ന ചകോരം കാലങ്ങൾ പിന്നിട്ട് ന്യൂ കാപിറ്റോൾ തിയേറ്ററിലേക്ക് എത്തുമ്പോൾ അവിടെ പ്രേക്ഷകർക്കിടയിൽ മലയാള സിനിമയുടെ ആദ്യ നായിക പി.കെ. റോസിയുമുണ്ട്. കാപിറ്റോൾ തിയേറ്ററിൽ വിഗതകുമാരന്റെ ആദ്യ പ്രദർശനത്തോടെ നാടുവിടേണ്ടി വന്ന റോസി, ന്യൂ കാപിറ്റോൾ തിയേറ്ററിൽ അഭിമാനത്തോടെ സിനിമ കാണുമ്പോൾ പുതിയ കാലത്ത് ആ നഷ്ട നായികയ്ക്ക് ലഭിക്കുന്ന ആദരം കൂടിയാണ് ചിത്രീകരിച്ചിരിക്കുന്നത്.

ഏകത്വവും സാംസ്കാരിക വൈവിധ്യവും സിനിമയുടെ കരുത്തും സൂചിപ്പിക്കുന്ന ഐ.എഫ്.എഫ്.കെ. മുദ്രയായ ലങ്കാലക്ഷ്മിയുടെ പ്രകാശനത്തിലാണ് സ്വപ്നായനം അവസാനിക്കുന്നത്. ലങ്കാലക്ഷ്മിയെ സ്ഥാപിക്കുന്നതിന് ചുക്കാൻ പിടിക്കുന്നതാകട്ടെ പി.കെ. റോസിയും. മലയാള സിനിമയുടെ അഭിമാനമായി പി.കെ. റോസിയെ അവതരിപ്പിച്ചുകൊണ്ടാണ് 'സ്വപ്നായനം' അവസാനിക്കുന്നത്.

## അണിഞ്ഞൊരുങ്ങി മാനവീയം വീഥി

ചലച്ചിത്രോത്സവത്തിൽ വ്യത്യസ്തമായ കലാപ്രകടനങ്ങൾക്കു വേദിയാകാൻ മാനവീയം വീഥി സജ്ജമായി. ഡിസംബർ 14നു വൈകിട്ട് ഏഴിനു ജെ.ആർ. ദിവ്യ ആൻഡ് ദി ബാന്റിന്റെ പരിപാടികളോടെ മാനവീയത്തിൽ കലാപരിപാടികൾക്ക് തുടക്കമാകും. തുടർന്നുള്ള അഞ്ച് ദിവസങ്ങളിൽ ആസ്വാദകർക്കും സിനിമാപ്രേമികൾക്കും ആസ്വദിക്കാൻ കഴിയുന്ന കലാസാംസ്കാരിക പരിപാടികളാണു ക്രമീകരിച്ചിട്ടുള്ളത്. 15നു വൈകിട്ടു തിരുവനന്തപുരം മ്യൂസിക് ഫ്രറ്റേർണിറ്റി, 'മറക്കില്ലൊരിക്കലും' എന്ന പേരിൽ മലയാള ചലച്ചിത്ര മേഖലയ്ക്ക് അനവധി കഥാപാത്രങ്ങൾ സമ്മാനിച്ച മുൻ നിര നടിമാരെ ആദരിക്കുകയും അവർ അഭിനയിച്ച സിനിമകളിലെ ഗാനങ്ങൾ ഉൾപ്പെടുത്തിയുള്ള സംഗീത പരിപാടി അവതരിപ്പിക്കുകയും ചെയ്യും

## കൗതുകമുണർത്തി മിനിയേച്ചർ ക്യാമറകളുടെ പ്രദർശനം

29-ാമത് രാജ്യാന്തര ചലച്ചിത്രമേളയിൽ കൗതുകക്കാഴ്ചയായി മിനിയേച്ചർ ക്യാമറ പ്രദർശനവും വില്പനയും. ഏറെക്കാലം സിനിമകളിലെ കലാസംവിധാന മേഖലയിൽ സഹായിയായി പ്രവർത്തിച്ച് പരിചയസമ്പന്നനായ മോഹനൻ നെയ്യാറ്റിൻകരയാണ് കുഞ്ഞൻ ക്യാമറകളുടെ നിർമാണത്തിന് പിന്നിൽ. പാനാവിഷൻ ടജടണ, മിച്ചെൽ ചഇ239, ആരിഫ്ലെക്സ് 35 കക ആ എന്നീ പഴയകാല ക്യാമറകളുടെ മാതൃകയിലാണ് മിനിയേച്ചർ ക്യാമറകൾ ഒരുക്കിയിരിക്കുന്നത് .

കോവിഡ് കാലത്തെ വിരസതയിലാണ് മിനിയേച്ചർ ക്യാമറകളുണ്ടാക്കുകയെന്ന ആശയത്തിലേക്ക് എത്തിച്ചേർന്നതെന്ന് മോഹനൻ നെയ്യാറ്റിൻകര പറഞ്ഞു.അങ്ങേയറ്റം ശ്രദ്ധയോടെ തേക്കിൻ തടിയിൽ ഒരു ചെറുക്യാമറ നിർമ്മിക്കാൻ 2 ദിവസമെങ്കിലുമെടുക്കും. ആയിരം രൂപ നിരക്കിലാണ് ക്യാമറകൾ വിൽക്കുന്നത്. എന്നാൽ വിൽപനയ്ക്കപ്പുറം സിനിമയോടും,കലയോടുമുള്ള അഭിനിവേശമാണ് ഈ കലാസൃഷ്ടിക്ക് പിന്നിലെന്നും അദ്ദേഹം പറഞ്ഞു.

ടാഗോർ തിയേറ്റർ പരിസരത്തൊരുക്കിയ പ്രദർശനം കാണാൻ നിരവധി പേരാണ് എത്തുന്നത്. വരും വർഷങ്ങളിലും ഐ എഫ് എഫ് കെയിൽ പുതുമയാർന്ന കൂടുതൽ മിനിയേച്ചറുകൾ പ്രദർശനത്തിനെത്തിക്കാനുള്ള ഒരുക്കത്തിലാണ് മോഹനൻ നെയ്യാറ്റിൻകര.

## സിനിമ ആൽക്കെമി ഡിജിറ്റൽ ആർട്ട് എക്സിബിഷന് ഇന്നു തുടക്കം ആൻ ഹുയി ഉദ്ഘാടനം ചെയ്യും

29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ഭാഗമായി 50 ലോക ചലച്ചിത്രാചാര്യൻമാർക്ക് ആദരമർപ്പിച്ചുള്ള 'സിനിമ ആൽക്കെമി: എ ഡിജിറ്റൽ ആർട്ട് ട്രിബ്യൂട്ട്' എക്സിബിഷന് ഇന്നു (14 ഡിസംബർ) തുടക്കമാകും. പ്രശസ്ത സംവിധായകനും ചലച്ചിത്ര അക്കാദമി മുൻ ചെയർമാനുമായ ടി.കെ. രാജീവ് കുമാർ ക്യൂറേറ്ററാകുന്ന പ്രദർശനത്തിൽ കലാസംവിധായകനും ചലച്ചിത്രകാരനുമായ റാസി മുഹമ്മദിന്റെ 50 ഡിജിറ്റൽ പെയിന്റിങ്ങുകൾ പ്രദർശിപ്പിക്കും. രാവിലെ 11നു മേളയുടെ മുഖ്യ വേദിയായ ടാഗോർ തിയേറ്റർ പരിസരത്ത് ഐ.എഫ്.എഫ്.കെയിലെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ജേതാവ് ആൻ ഹുയി പ്രദർശനത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, സെക്രട്ടറി സി.അജോയ് തുടങ്ങിയവർ പങ്കെടുക്കും.

അകിര കുറൊസാവ, അലൻ റെനെ, ആൽഫ്രഡ് ഹിച്ച്കോക്ക്, തർക്കോവ്സ്കി, അടൂർ ഗോപാലകൃഷ്ണൻ, ജി. അരവിന്ദൻ, കെ.ജി. ജോർജ്, ആഗ്നസ് വർദ, മാർത്ത മെസറോസ്, മീര നായർ തുടങ്ങി 50 ചലച്ചിത്ര പ്രതിഭകൾക്ക് ആദരമർപ്പിക്കുന്ന പ്രദർശനം ഡിജിറ്റൽ ചിത്രകലയും ചലച്ചിത്രകലയും സമന്വയിക്കുന്ന അപൂർവ ദൃശ്യവിരുന്നാകും. ഓരോ ചലച്ചിത്രാചാര്യൻമാരുടെയും സവിശേഷമായ സിനിമാസമീപനത്തെക്കുറിച്ച് ആഴത്തിലുള്ള ഉൾക്കാഴ്ചകൾ പകരുന്ന പ്രദർശനത്തിൽ സറിയലിസത്തിന്റെയും ഹൈപ്പർ റിയലിസത്തിന്റെയും ദൃശ്യ സാധ്യതകൾ സമർത്ഥമായി സംയോജിപ്പിച്ചിരിക്കുന്നു.

സിനിമയെ സാമൂഹിക പരിവർത്തനത്തിനുള്ള ഉപാധിയാക്കിയ ചലച്ചിത്രപ്രതിഭകളെയാണ് ഈ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് ക്യുറേറ്റർ ടി.കെ രാജീവ് കുമാർ പറഞ്ഞു. ചലച്ചിത്രകലയിലെ അവരുടെ പ്രാവീണ്യം മാത്രമല്ല സാമൂഹികപ്രശ്നങ്ങളിൽ അവർ സ്വീകരിച്ച ധാർമിക സമീപനത്തെക്കൂടി അടയാളപ്പെടുത്തുന്നതാകും പ്രദർശനം. അവർ ചലച്ചിത്രകാരൻമാർ മാത്രമല്ല, രാഷ്ട്രീയം, ധാർമ്മികത, സാംസ്കാരികസ്വത്വം എന്നീ വിഷയങ്ങൾ സിനിമകളിലൂടെ അവതരിപ്പിച്ച ദാർശനികരും സാമൂഹികപ്രവർത്തകരുമായിരുന്നുവെന്ന് ടി.കെ.രാജീവ്കുമാർ പറഞ്ഞു.

ലോകോത്തര ചലചിത്രകാരന്മാരിൽ നിന്ന് 50 പേരെ തെരഞ്ഞെടുക്കുകയെന്നത് ശ്രമകരമായിരുന്നെന്ന് റാസി മുഹമ്മദ് പറഞ്ഞു. ഏറെക്കാലത്തെ പരിശ്രമത്തിന്റെ ഫലമാണ് ഇന്ന് നടക്കുന്ന പ്രദർശനം. ഒരു ചലച്ചിത്രകാരന്റെ പല സിനിമകളിൽ നിന്നാണ് പ്രദർശനത്തിനെത്തുന്ന ഓരോ ഡിജിറ്റൽ ആർട്ടും പിറവിയെടുത്തതെന്നും റാസി മുഹമ്മദ് പറഞ്ഞു.

തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിൽനിന്ന് ബിരുദവും ബറോഡ എം.എസ് യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദാനന്തര ബിരുദവും പൂർത്തിയാക്കിയ റാസി മുഹമ്മദ്, പുനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സീനിക് ഡിസൈനിൽ സ്പെഷ്യലൈസേഷനോടെ ഡിപ്ലോമയും നേടിയിട്ടുണ്ട്. ദസ്തയേവ്സ്കിയുടെ നോവലിനെ ആസ്പദമാക്കി അദ്ദേഹം സംവിധാനം ചെയ്ത 'വെളുത്ത രാത്രികൾ' എന്ന സിനിമ മികച്ച അവലംബിത തിരക്കഥയ്ക്കുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് നേടിയിരുന്നു. ദേശീയ, അന്തർദേശീയ തലങ്ങളിൽ ചിത്ര പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. 'സിനിമ ആൽക്കെമി' പ്രദർശനത്തിലേക്കു പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

## ഐ ഐ ടി ഗവേഷക വിദ്യാർത്ഥിനിയുടെ ആദ്യ സിനിമ ഐ എഫ് എഫ് കെ മലയാളം ടുഡേ വിഭാഗത്തിൽ

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ മലയാളം ടുഡേ വിഭാഗത്തിൽ ഗവേഷക വിദ്യാർത്ഥിനി ശിവരഞ്ജിനി ജെയുടെ ചലച്ചിത്രം വിക്ടോറിയ പ്രദർശിപ്പിക്കും. നിലവിൽ ഐ ഐ ടി ബോംബെയിൽ ഗവേഷക വിദ്യാർത്ഥിനിയായ അങ്കമാലി സ്വദേശിനി ശിവരഞ്ജിനിയുടെ ആദ്യ സിനിമ കൂടിയാണിത്. ചിത്രത്തിന്റെ തിരക്കഥയും സംവിധാനവും എഡിറ്റിംഗും നിർവഹിച്ചിരിക്കുന്നത് ശിവരഞ്ജിനിയാണ് .

ഇന്ന് ഉച്ചയ്ക്ക് 12:15ന് കലാഭവൻ തിയേറ്ററിലാണ് 'വിക്ടോറിയ'യുടെ ആദ്യ പ്രദർശനം.



അങ്കമാലിയിലെ ഒരു ബ്യൂട്ടിപാർലറിൽ പോയപ്പോൾ സംവിധായികയ്ക്ക് കിട്ടിയ കഥാതന്തുവിൽ നിന്നാണ് വിക്ടോറിയ സിനിമയുടെ യാത്ര ആരംഭിക്കുന്നത്. അന്ന് ഒറ്റവരിയിൽ എഴുതിയിട്ട വിക്ടോറിയയാണ് ഇന്ന് ഐ എഫ് എഫ് കെ വരെ എത്തിനിൽക്കുന്നത്. കേരള ചലച്ചിത്ര വികസന കോർപറേഷന്റെ നിർമാണത്തിൽ പുറത്തിറങ്ങുന്ന അഞ്ചാമത്തെ സിനിമയാണ് വിക്ടോറിയ. സിനിമാ നിർമാണത്തിന് പണം കണ്ടെത്താൻ പ്രയാസപ്പെടുന്നവർക്ക് ഏറെ ഉപകാരപ്രദമാണ് കെ എസ് എഫ് ഡി സി നൽകുന്ന സ്ത്രീ ശാക്തീകരണ ഗ്രാന്റുകളെന്ന് ശിവരഞ്ജിനി പറഞ്ഞു. പൊതുവെ സ്ത്രീകൾ കുറവുള്ള മേഖലയായത് കൊണ്ടും സിനിമയിൽ പരിചയക്കാർ ഇല്ലാത്തത് കൊണ്ടും തുടക്കത്തിൽ പേടിച്ചു നിന്ന തനിക്ക് ആത്മവിശ്വാസം നൽകിയത് കെ എസ് എഫ് ഡി സി പദ്ധതിയാണെന്ന് ശിവരഞ്ജിനി പറഞ്ഞു.

തന്റെ ഹൈസ്കൂൾ കാലഘട്ടം മുതൽക്കേ സിനിമയെന്ന ആഗ്രഹം ഉള്ളിൽ കൊണ്ടുനടന്ന സംവിധായിക അവസാന വർഷ എൻജിനീയറിങ്ങിന് പഠിക്കുമ്പോഴാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിലെ ഫിലിം കോഴ്സിനെക്കുറിച്ച് അറിയുന്നത്. എൻജിനീയറിങ്ങിന് ശേഷം എൻ ഐ ഡി യിൽ ഫിലിം ആൻഡ് വീഡിയോ കമ്മ്യൂണിക്കേഷനിൽ ബിരുദാനന്തര ബിരുദം ചെയ്തത് സംവിധാനം, എഡിറ്റിംഗ്, തിരക്കഥാരചന എന്നിവയിൽ കൂടുതൽ അറിവ് നേടി. പ്രധാനപ്പെട്ട ഈ മൂന്ന് മേഖലയും വിക്ടോറിയ സിനിമയിൽ വെല്ലുവിളി നിറഞ്ഞതായിരുന്നെങ്കിലും ഏറെ ആസ്വദിച്ചാണ് ഓരോന്നും ചെയ്തതെന്ന് ശിവരഞ്ജിനി പറയുന്നു. അണിയറപ്രവർത്തകരിൽ അധികവും സുഹൃത്തുക്കൾ തന്നെയായത് ഇരുപത് ദിവസം നീണ്ടുനിന്ന ഷൂട്ടിങ് എളുപ്പമാക്കിയെന്നും ശിവരഞ്ജിനി പറഞ്ഞു.

